# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## യു.പി - എച്ച്.എസ് വിഭാഗം

**23005**

**ജി വി എച്ച് എസ് എസ്**

**ചാലക്കുടി**

**പിൻ: 680307**

**തൃശ്ശൂർ ജില്ല**

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

(UP & HS)

## ജി വി എച്ച് എസ് എസ് ചാലക്കുടി

പിൻ 680307

തൃശ്ശൂർ ജില്ല

0480 2701754

വിദ്യാഭ്യാസ ഉപജില്ല - ചാലക്കുടി

വിദ്യാഭ്യാസ ജില്ല - ഇരിങ്ങാലക്കുട

**പിന്നണിയിൽ**

- ശ്രീമതി. മിനി പി, ഹെഡ്മിസ്ട്രസ്
- ശ്രീ. സന്തോഷ് പി.വി PTA പ്രസിഡന്റ്
- ശ്രീ. ജോർജ്, SMC ചെയർമാൻ
- ശ്രീമതി. വൽസ ബാബു MPTA പ്രസിഡന്റ്
- ശ്രീമതി. കെ.എൻ ലീനമോൾ, സ്റ്റാഫ് സെക്രട്ടറി, SRG കൺവീനർ

**സബ്ജക്ട് കൺവീനർമാർ**

| | UP | HS |
|---|---|---|
| മലയാളം | ഷീബ തോമസ് | മേരി ഷൈനി പിൻഹിറോ |
| ഇംഗ്ലീഷ് | ആനി പി.പി | മിനി. പി |
| ഹിന്ദി | കെ.എൻ. ലീനമോൾ | കെ.എൻ. ലീനമോൾ |
| സാമൂഹ്യശാസ്ത്രം | ഗോഡ്സൺ ഡി കോത്തോ | മനു മോഹനൻ |
| ഊർജ്ജതന്ത്രം | ആനി പി.പി | മരിയ ജെർലിൻ |
| രസതന്ത്രം | ആനി പി.പി | മരിയ ജെർലിൻ |
| ജീവശാസ്ത്രം | ആനി പി.പി | ശ്രീദേവി. സി.പി |
| ഗണിതം | ഷീബ തോമസ് | ഉമാദേവി S |
| ഐ.ടി | ഷീബ തോമസ് | ഉമാദേവി S |

# അദ്ധ്യാപക-അനദ്ധ്യാപന കൂട്ടായ്മയിലെ കണ്ണികൾ

| ക്രമ നമ്പർ | പേര് | തസ്തിക | പെൻ നമ്പർ | വിദ്യാഭ്യാസ യോഗ്യത | ഇ.മെയിൽ | ഫോൺ നമ്പർ |
|---|---|---|---|---|---|---|
| 1 | മിനി പി | HM | 256589 | MA,B.ED,SET | miniputhiyedath@gmail.com | 9495484245 |
| 2 | കെ.എൻ ലീനമോൾ | HST(HINDI) | 258031 | MA,B.ED(HIN),MA(MAL),LL.M | knleenamol53@gmail.com | 6282097568 |
| 3 | മേരി ഷൈനി പിൻഹിഗോ | HST(MAL) | 401721 | M.A B.ED | maryshinypinhero7@gmail.com | 9605611742 |
| 4 | ഉമാദേവി S | HST(MAT) | 224935 | M.SC,B.ED,SET | umamuralee1@gmail.com | 9447314127 |
| 5 | മരിയ ജെർലിൻ കെ.ജെ | HST(PHY) | 693695 | B.SC,B.ED | mariyajerlin14@gmail.com | 9562955139 |
| 6 | ശ്രീദേവി സി.പി | HST(NAT.SC) | 282800 | B.SC,B.ED | sreedevichavarattil863@gmail.com | 9645548157 |
| 7 | മനു മോഹനൻ | HST(SS) | 869191 | MA,B.ED, SET | manumadathil11@gmail.com | 9747905987 |
| 8 | ഗോഡ്സൺ ഡിക്കോത്തോ | UPST | 958103 | M.SC,B.ED | godson25pulluveli@gmail.com | 9746902512 |
| 9 | ഷീബ തോമസ് | | 325623 | B.A,TTC | sheebathomas814@gmail.com | 9497803814 |
| 10 | ആനി പി.പി | | 607284 | M.SC,B.ED,M.ED | annwedsbenn@gmail.com | 9846582976 |
| 11 | മധു | കൗൺസിലിങ് | | | | |
| 12 | ആന്റണി | വർക്ക് എക്സ്പീരിയൻസ് | | | | |
| 13 | സന്തോഷ് എം.വി | സ്പെഷ്യൽ എഡ്യൂക്കേഷൻ | | | | |
| 14 | ജിതിൻ കുമാർ കെ.കെ | ഫിസിക്കൽ എഡ്യൂക്കേഷൻ | | | | |

| | | | | |
|---|---|---|---|---|
| 15 | ജിത. കെ.എസ് | ക്ലർക്ക് | | |
| 16 | ഗീത. പി.പി | ഓഫീസ് അസിസ്റ്റന്റ് | | |
| 17 | മണി. പി.സി | ഓഫീസ് അസിസ്റ്റന്റ് | | |
| 18 | ജോൺസൺ. കെ.എം | എഫ്.ടി.എം | | |

ഉള്ളടക്കം:

ആമുഖം

വിദ്യാലയ ചരിത്രം കാല്പാടുകൾ

ലക്ഷ്യങ്ങൾ

കാഴ്ചപ്പാട്

അടിസ്ഥാന വിവരങ്ങൾ

നിലവിലെ അവസ്ഥാവിശകലനം

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

മാസ്റ്റർ പ്ലാൻ വിഷയാടിസ്ഥാനത്തിൽ

- യു.പി. വിഭാഗം
  - മലയാളം
  - ഇംഗ്ലീഷ്
  - അടിസ്ഥാനശാസത്രം
  - സാമൂഹ്യശാസ്ത്രം
  - ഗണിതം
- എച്ച് എസ് വിഭാഗം
  - മലയാളം
  - ഇംഗ്ലീഷ്
  - ഹിന്ദി (UP& HS)
  - സാമൂഹ്യശാസ്ത്രം
  - ഊർജ്ജതന്ത്രം
  - രസതന്ത്രം
  - ഗണിതം & ഐ.ടി

പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

ഉപസംഹാരം

## ആമുഖം

തൃശ്ശൂർ ജില്ലയിലെ പ്രധാന നഗരങ്ങളിലൊന്നാണ് ചാലക്കുടി. ചാലക്കുടി നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ജി. വി. എച്ച്. എസ് ചാലക്കുടി. ഗവ. ഹയർസെക്കന്ററി, ഗവ. വെക്കേഷണൽ ഹയർ സെക്കന്ററി, ഗവ. ഹൈസ്ക്കൂൾ, ഗവ. എൽ. പി. എസ്, ഗവ. ടി. ടി. ഐ എന്നീ 5 സർക്കാർ സ്ഥാപനങ്ങൾ ഒരു കോമ്പൗണ്ടിൽ തന്നെ സ്ഥിതി ചെയ്യുന്നു എന്നത് ഒരു പ്രത്യേകതയാണ്. നാഷണൽ ഹൈവേ 47 നോട് ചേർന്ന് വിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിന്റെ സമ്പത്താണ്. നാഷ്ണൽ ഹൈവേയുടെ വികസനത്തിനായി കളിസ്ഥലം വിട്ടുകൊടുക്കുന്നതിന് പകരമായി മൂന്നേക്കർ വിസ്തൃതിയുള്ള ഒരു കളിസ്ഥലം അഞ്ഞൂറോളം മീറ്റർ അകലെയായി ഉണ്ട്. കായികമേളയുടെ അവസരങ്ങളിൽ ഈ സ്ഥലം ഉപയോഗിക്കാറുണ്ട്. തുടർച്ചയായി കഴിഞ്ഞ വർഷങ്ങളിൽ SSLC പരീക്ഷയ്ക്ക് 100% വിജയവും ഫുൾ A+ ഉൾപ്പെടെ ഉയർന്ന നിലവാരം അക്കാദമികതലത്തിൽ നേടിക്കൊണ്ടിരിക്കുന്നത് എടുത്തു പറയേണ്ട കാര്യമാണ്. മാത്രമല്ല കായിക മത്സരങ്ങളിലും ശാസ്ത്രമേളകളിലും കലോത്സവങ്ങളിലും മികച്ച പ്രകടനമാണ് ഇവിടത്തെ കുട്ടികൾ കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. കേരള സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ട് 5 കോടി രൂപ ചെലവഴിച്ച് പുതുതായി പ്രവർത്തിച്ച കെട്ടിടത്തിലാണ് ഹൈസ്ക്കൂൾ വിഭാഗം പ്രവർത്തിക്കുന്നത് 2021 സെപ്റ്റംബർ 14 നായിരുന്നു പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം. 23 മുറികളുള്ള കെട്ടിടത്തിൽ 5 മുതൽ 10 വരെ ക്ലാസ്സുകൾ, ഓഫീസ്, പ്രധാനാദ്ധ്യപികയുടെ മുറി , സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, SS പാർക്ക്, ലൈബ്രറി, 3 സ്റ്റാഫ് റൂമുകൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ശുചിമുറികൾ, ഹയർസെക്കന്ററിയുടെ ഫിസിക്സ്- കെമിസ്ട്രി ലാബുകൾ എന്നിവ ഉൾപ്പെടുന്നു. എങ്കിലും ഇനിയും ഏറേ മുന്നേറാനുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. സ്കൂളിലെ മുഴുവൻ അദ്ധ്യാപക- അനദ്ധ്യാപകരും, എസ്. ആർ. ജിയും , പി. ടി എ, എം. .പി. ടി. എ, എസ്. എം. സി തുടങ്ങി എല്ലാവരുടേയും കൂട്ടായ പ്രവർത്തനത്തിലൂടെ ഒരു അക്കാദമിക മാസ്റ്റർ പ്ലാനിന് രൂപം നൽകുകയാണ്. ഈ പ്ലാനിലൂടെ അടുത്ത 5 വർഷത്തിനുള്ളിൽ വിദ്യാലയത്തിനുണ്ടാകേണ്ട അക്കാദമിക

വികസനത്തെ മുന്നിൽ കണ്ടുകൊണ്ട് ക്രിയാത്മകമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും അഭ്യുദയ കാംക്ഷികളുടേയും ഇടപെടലുകളിലൂടെ ഈ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ .. അഭിമാനത്തോടെ സമർപ്പിക്കുന്നു.

## വിദ്യാലയചരിത്രം

### കാല്പാടുകൾ

നൂറ്റിമുപ്പതോളം വർഷം പഴക്കമുള്ള ഈ വിദ്യാലയമുത്തശ്ശിക്ക് പറയാനേറെ രാജഭരണ ക്കാലത്തുണ്ടായ ഈ സ്ക്കൂൾ നടത്തികൊണ്ടിപോകാൻ കഴിയാതെ വന്നപ്പോൾ നാട്ടുപ്ര മാണിമാരായ കോടശ്ശേരി കർത്താക്കൾ, നുവാത്തുമന നമ്പൂതിരിമാർ എന്നിവർ ചേർന്ന് കെട്ടിടം പണിത് സർക്കാരിനെ ഏല്പിച്ചു. 1936-37 ലാണ് ഇത് ഹൈസ്കൂൾ ആക്കിയത്. തുടക്കത്തിൽ പ്രധാനദ്ധ്യാപകൻ വരദരാജ അയ്യർ ആണെന്ന് കരുതുന്നു. 1930 ൽ രണ്ടുനില കെട്ടിടമായിരുന്നു. 1940 ൽ ഉണ്ടായ കൊടുങ്കാറ്റിൽ മേൽകൂര ഇളകിയതിനെ ത്തുടർന്ന് പൊളിച്ച് പണിതു. അതിനുശേഷം വീണ്ടും പുതിയ കെട്ടിടത്തിലേയ്ക്ക് 2021 സെപ്റ്റംബർ 14 മുതൽ പ്രവർത്തനങ്ങൾ മാറ്റി.

1952 ൽ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽ നെഹ്റു ഇവിടെ എത്തുകയും ഗ്രൗണ്ടിൽ പ്രസം ഗിക്കുകയും ചെയ്തിട്ടുണ്ട്. പനമ്പിള്ളി മെമ്മോറിയൽ ഗവ.കോളേജ് ഈ കോമ്പൗണ്ടിലാണ് പ്രവർത്തിച്ചിരുന്നത്. ഈ സ്കൂളിന്റെ കളിസ്ഥലം മുറിച്ചുകൊണ്ടാണ് നാഷ്ണൽ ഹൈവേ 47 (ഇപ്പോൾ NH 544) കടന്നു പോകുന്നത്.

കേരള രാഷ്ട്രീയചരിത്രത്തിലെ പ്രഗത്ഭനായ രാഷ്ട്രതന്ത്രജ്ഞനും വാഗ്മിയും ഭരണകർത്ത വുമായിരുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ, ആയുർവേദ ആചാര്യനായിരുന്ന പത്മ ഭൂഷൻ വൈദ്യഭൂഷണം ശ്രീ. കെ.രാഘവൻ തിരുമുൽപാട്, അനശ്വരനായ ശ്രീ. കലാഭവൻ മണി എന്നിവർ പഠിച്ചത് ഈ സ്കൂളിലാണ്. ജസ്റ്റിസ് നാരായണകുറുപ്പ് ഇവിടത്തെ പൂർവ്വ വിദ്യാർത്ഥിയാണ്. അനേകം ദശാബ്ദങ്ങളായി നിരവധി സംസ്ഥാന ദേശീയ കായിക താര ങ്ങൾക്കും കലാകാരന്മാർക്കും ജന്മം കൊടുത്ത വിദ്യാലയമാണിവിടം. അഖിലേന്ത്യ ഫുട് ബോൾ താരങ്ങളായ ശ്രീ. T.K ചാത്തുണ്ണി, T.V രാമകൃഷ്ണൻ, M.O ജോയ്, ആന്റോ വർ ഗ്ഗീസ്, M.L ജേക്കബ്ബ് തുടങ്ങിയവരേയും നിരവധി യൂണിവേഴ്സിറ്റി താരങ്ങളേയും ഈ മണ്ണിൽ വളർത്തിയെടുക്കാൻ കഴിഞ്ഞു. ഡോ. RLV രാമകൃഷ്ണനും കലാഭവൻ ജയനും, കലാഭവൻ സുധിയും, സ്റ്റാർസിംങ്ങർ ഷെയിം സുധീഷും ഈ കലാലയത്തിന്റെ അഭിമാന താരങ്ങളാണ്.

**ലക്ഷ്യങ്ങൾ:**

നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷയജ്ഞം മികച്ച രീതിയിൽ വിജയിപ്പിക്കുന്നതിന് പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളെ ശാസ്ത്രീയമായി ജനപങ്കാളിത്തത്തോടെ പൂർത്തികരിക്കണമെന്ന ഉദ്ദേശ ലക്ഷ്യമാണ് അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഉദ്ദേശിക്കുന്നത്. ഈ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ പാഠ്യപദ്ധതി, വിദ്യാഭ്യാസ അവകാശനിയമം എന്നിവയുമായി കോർത്തിണക്കി പ്രവർത്തിക്കുന്നതിനാണ് ഊന്നൽ നൽകിയിരിക്കുന്നത്.

1. ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
2. പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് അദ്ധ്യാപനവും അദ്ധ്യായനവും രൂപപ്പെടുത്തൽ.
3. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക.
4. അക്കാദമിക മികവിന് ഉപകരിക്കുംവിധം പശ്ചാത്തല സൗകര്യങ്ങൾ പ്രയോജനം വർദ്ധിപ്പിക്കൽ.
5. അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ, പഠനോപകരണങ്ങൾ, ബഹുമുഖ ഇടപെടലുകൾ എന്നിവ ഉറപ്പുവരുത്തുക.
6. കലാകായിക - പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുക.
7. പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെ മുഖ്യാധാരയിലെത്തിക്കാൻ വേണ്ടുന്ന പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
8. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുക.

**കാഴ്ചപ്പാട്**

1. പാഠ്യപ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന അന്തരീക്ഷം സൃഷ്ടിക്കൽ
2. കരുണ, അനുകമ്പ തുടങ്ങിയ മാനവീയ മൂല്യങ്ങൾ സ്വായത്തമാക്കാൻ കുട്ടികളെ പ്രാപ്തരാക്കൽ
3. ശുചിത്വബോധം കാര്യക്ഷമമായി കുട്ടികളിൽ (വ്യക്തി ശുചിത്വവും സാമൂഹിക ശുചിത്വവും) രൂപപ്പെടുത്തൽ
4. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പങ്കാളിത്തം വിദ്യാലയാന്തരീക്ഷത്തിൽ ഉറപ്പാക്കൽ
5. മികവാർന്ന ശേഷികൾ, ധാരണകൾ, നൈപുണികൾ എന്നിവ ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കുക
6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കുവാനും പ്രകൃതിയെ സ്നേഹിക്കാനും കാത്തുരക്ഷിക്കാനും കുട്ടികളെ ഒരുക്കൽ.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി.വി.എച്ച്.എസ്.എസ്.ചാലക്കുടി, |
| വിലാസം | : | ചാലക്കുടി പി.ഒ, തൃശ്ശൂർ - 680307 |
| സ്കൂൾ കോഡ് | : | 23005 |
| വിദ്യാഭ്യാസ ഉപജില്ല | : | ചാലക്കുടി |
| വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| റവന്യു ജില്ല | : | തൃശ്ശൂർ |
| ബി. ആർ.സി | : | ചാലക്കുടി |
| മുനിസിപ്പാലിറ്റി | : | ചാലക്കുടി |
| ബ്ലോക്ക് പഞ്ചായത്ത് | : | ചാലക്കുടി |
| ജില്ല പഞ്ചായത്ത് | : | തൃശ്ശൂർ |
| നിയമസഭാമണ്ഡലം | : | ചാലക്കുടി |
| ലോകസഭാമണ്ഡലം | : | ചാലക്കുടി |
| താലൂക്ക് | : | ചാലക്കുടി |
| വില്ലേജ് | : | പടിഞ്ഞാറെ ചാലക്കുടി |
| ഇ-മെയിൽ വിലാസം | : | gvhsschalakudy@yahoo.com |

## നിലവിലെ അവസ്ഥാ വിശകലനം

**ഭൗതികം:**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ട് 5 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടം 2021 സെപ്തംബർ 14 ന് ഉദ്ഘാടനം ചെയ്ത് നാടിന് സമർഷിച്ചു. 23 മുറികളുള്ള കെട്ടിടത്തിൽ 5 മുതൽ 10 വരെ 9 ക്ലാസ്സ് മുറികളും HM's Room, ഓഫീസ് റൂം, കൗൺസിലിങ്ങ് റൂം, സ്റ്റോർ റൂം, ലൈബ്രറി, കംമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ഭേ പാർക്ക്, 3 സ്റ്റാഫ് റൂംസ്, ശുചിമുറികൾ എന്നിവ ഉൾക്കൊള്ളുന്നു. 2 വലിയ മുറികൾ HSS വിഭാഗം സയൻസ് ലാബുകളായി പ്രവർത്തിക്കുകയും ചെയ്യുന്നു. നീലക്കുറിഞ്ഞി - വായനാവസന്തം എന്ന പേരിൽ ലൈബ്രറി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

ഭൗതിക സാഹചര്യങ്ങൾ മുൻപുണ്ടായിരുന്നതിനേക്കാൾ മെച്ചഷെട്ടെങ്കിലും പരിമിതികൾ ഒട്ടും തന്നെ കുറവല്ല. ഇഷോഴുള്ള കുട്ടികൾക്ക് (170 ൽ താഴെ) ഒരുമിച്ചിരിക്കാൻ ഒരു ഓഡിറ്റോറിയം ഇല്ല. മതിയായ കസേരകൾ ഇനിയും ആയിട്ടില്ല. കസേരകൾ എത്തിയാലും അവ ഇടുന്നതിനാവശ്യമായ സ്ഥലമോ സൂക്ഷിക്കാനുള്ള സ്ഥലമോ ഇല്ല. 5 മുതൽ 8 വരെ കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുള്ള അടുക്കള, ഭോജനശാല, Store Room എന്നിവ ഇന്ന് നിലവിലുള്ള കെട്ടിടത്തിൽ ഇല്ല. പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അടുക്കള സാമൂഹ്യ വിരുദ്ധരുടെ ശല്യത്തിനിടയാകാറുണ്ട്. പുതിയ അടുക്കളയും ഭോജനശാലയും പണിത് ഉപയോഗിച്ച് തുടങ്ങിയിങ്കിലും പഴയത് പൊളിച്ച് മാറ്റേണ്ടത് അത്യാവശ്യമാണ്. കുട്ടികൾക്ക് Cycle വെയ്ക്കുവാൻ Cycle shed, ഒരു Garden ഇതെല്ലാം വിദ്യാലയാങ്കണത്തിൽ സജ്ജമാക്കേണ്ടിയിരിക്കുന്നു. നല്ല ഒരു Stage ഉം ഇല്ല. സ്കൂളിന് ഒരു നല്ല Compound wall ഉം Gate ഉം ഇല്ല.

**അക്കാദമികം:**

5 മുതൽ 10 വരെ ക്ലാസ്സുകളിലായി 170 ൽ താഴെ കുട്ടികളാണ് ഇപ്പോഴുള്ളത്. ചാലക്കുടി മുനിസിപ്പാലിറ്റിയിൽ നല്ല നിലവാരമാണ് കാഴ്ചവെക്കുന്നത്. (അക്കാദമികവും കലാ-കായികവും)കഴിഞ്ഞ വർഷങ്ങളിൽ SSLC യ്ക്ക് 100% വിജയം നേടിയ പൊതുവിദ്യാലയമാണെന്നതിൽ അഭിമാനിക്കുന്നു. കഴിഞ്ഞ വർഷം (2022) മുതൽ പെൺകുട്ടികൾക്കും പ്രവേശനം നൽകി വരുന്നു. 2024-25 ലും 3 Full A+ ഉം 100% വിജയവും നേടി. രണ്ട് പേർക്ക് USS സ്കോളർഷിപ്പും ലഭിച്ചു.

വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.

9. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് അകറ്റി നിറുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തി ലഹരിമുക്ത വിദ്യാലയം വിഭാവനം ചെയ്യുക.
10. പ്ലാസ്റ്റിക്, കീടനാശിനി എന്നിവയെ അകറ്റി പ്രകൃതി സൗഹൃദ വിദ്യാലയം സൃഷ്ടിക്കുക.
11. കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക.
12. സർഗ്ഗാത്മകമായ കഴിവുകളെ പ്രോത്സാഹിപ്പിച്ച് വളർത്തിയെടുക്കുക.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ

**അക്കാദമികം:**

ഇംഗ്ലീഷ് പഠനപരിപോഷണം
ഗണിത ശേഷി വികസനം
ശാസ്ത്രപോഷണ പരിപാടി
ഭാഷാശേഷി വികസനം
ഡിജിറ്റൽ ലൈബ്രറി
ലബോറട്ടറി ക്രമീകരണം
പ്രതിഭാപോഷണ പരിപാടി
ജൈവ വൈവിധ്യപാർക്ക്
പഠനയാത്രകൾ
സാഹിത്യ പോഷണ പരിപാടികൾ
സെമിനാറുകൾ
ബോധവൽകരണ ക്ലാസ്സുകൾ
കലാ-കായിക-പ്രവൃത്തി പരിചയ മേളകൾ
ശാസ്ത്രമേള
ITപരിശീലനം
അദ്ധ്യാപക ശാക്തീകരണം
ക്ലാസ്സ് P.T.A സജീവമാക്കൽ
സ്കൂൾ പത്രം/മാസിക
പ്രവൃത്തി പരിചയ പഠനം
പച്ചക്കറിത്തോട്ടം
SRG ശാക്തീകരണം
ശാസ്ത്രാഭിരുചി വളർത്തൽ
അഭിമുഖങ്ങൾ
മെഡിക്കൽ ക്യാമ്പ്
ഭാഷാലാബ്
ഗണിതാന്തരീക്ഷമൊരുക്കൽ
ഗണിതലാബ് സജ്ജീകരണം

**ഭൗതികം:**

വിശ്രമമുറി
മൾട്ടി മീഡിയ റൂം
മാലിന്യ സംസ്കരണം
അസംബ്ലി ഹാൾ
ജന്മദിനത്തിനൊരു പുസ്തകം
പലചരക്ക് സ്റ്റോർ റൂം
ഗ്രൗണ്ടിൽ സൗകര്യങ്ങൾ, Toilet & Wash Room ഉൾപ്പെടെ
പൂന്തോട്ടം
ഭിന്നശേഷിക്കാർക്ക് വിശ്രമമുറി
സിക്ക് റൂം

**സാമൂഹികം:**

വിദ്യാഭ്യാസ വികസന സമിതി
പൂർവ്വ വിദ്യാർത്ഥി സംഘടന പ്രവർത്തനം
PTA ശക്തിപ്പെടുത്തൽ
SMC കാര്യക്ഷമമാക്കൽ
പൊതുജന സംഘടന പങ്കാളിത്തം ഉറപ്പാക്കൽ
പൂർവ്വാധ്യാപകർ
CPTA മാതൃകാപരമാക്കൽ
വിദ്യാലയമികവുകൾ സമൂഹവുമായി പങ്കിടൽ
ഭവനസന്ദർശനം
Corner PTA

# മാസ്റ്റർ പ്ലാൻ വിഷയാടിസ്ഥാനത്തിൽ

# യു പി വിഭാഗം

- മലയാളം
- ഇംഗ്ലീഷ്
- അടിസ്ഥാന ശാസ്ത്രം
- സാമൂഹ്യശാസ്ത്രം
- ഗണിതം

# <u>മലയാളം യു.പി</u>

## ആമുഖം

മുഴുവൻ വിദ്യാർത്ഥികളെയും മാതൃഭാഷയോട് അടുപ്പിക്കുന്നതിനും എല്ലാവർക്കും എഴുത്തും വായനയും സ്വായത്തമാക്കാനും മികച്ച വായന ക്കാരെയും എഴുത്തുകാരെയും വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യം 'വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക' എന്ന മുദ്രാവാക്യം ഉയർത്തിപ്പി ടിച്ചുകൊണ്ട് സർഗാത്മകവും വിവേകാത്മകവുമായ ഒരു പഠനമാണ് നാം സാർത്ഥകമാക്കുന്നത്. പഠന പിന്നാക്കകാർക്കും ഭിന്നനിലവാരക്കാർക്കും ഭാഷാപഠനം ഒരു നവ്യാനുഭവമായി മാറ്റുവാനാണ് നാം ശ്രമിക്കുന്നത്. ആസ്വാദ്യകരമായ വായനാ പരിശീലനം, എഴുത്തിന്റെ വിവിധ തലങ്ങൾ പരി ചയപ്പെടൽ,സാഹിത്യകാരന്മാരെ പരിചയപ്പെടൽ എന്നിവയും ലക്ഷ്യമിടുന്നു. ഉന്നതനിലവാരക്കാരായ കുട്ടികളെ കണ്ടെത്തി പരിപോഷിപ്പിക്കൽ, ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തി ഭാഷാപഠനം എന്നിവയും ലക്ഷ്യമിടുന്നു.

## മേഖല യു പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ് ) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥ പൂർണമായ വായന ഉറപ്പ് വരുത്തുന്നു. | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു | പ്രതി മാസം | മലയാളം ക്ലബ് | |

| | | | | |
|---|---|---|---|---|
| | ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു | | | |
| | **ക്വിസ് മത്സരം**<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്,സ്കൂൾ,ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ് | |
| സാഹിത്യകൃതികളോടും സാഹിത്യക്കാരന്മാരോടുള്ള അനുകുല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | **സംവാദം മുഖാമുഖം**<br>സാഹിത്യകാരന്മാർ,എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മക ശേഷി വളർത്തലും | **ഇ കമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br><br>മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | രണ്ട് വർഷം<br><br>വർഷാവസാനം | മലയാളം, ഐ.ടി. അധ്യാപകർ<br>മലയാളം അധ്യാപകർ | മലയാളം ക്ലബ് |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്ക്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ,ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാ | അക്കാദമിക വർഷം | പി.ടി.എ സ്കൂൾ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | രെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു | | | |
| കുട്ടികളുടെ ആകാശവാണി അവതരണം | **<u>സ്റ്റുഡന്റ്സ് എഫ്.എം</u>**<br>വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലേക്കും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പിടിഎ |

# SL AP -23’24

**U.P & H.S**

**Students Language Acquisition program**

- English News-Daily-Audio to PDF
- English Assembly- Once in a week-second Term onwards
- English language lab activities-Once in a week
- English Camp-November(One day)
- English Fest-January/February

Through this programe we like to enhance the English language acquisition through variety of games and puzzles. We hope a better result in this year and like to extend these activities in the coming years.

Also our vision to build a lory due in using English language through out their daily life to connect these activities in using libraries and other resourees available including language lab.

We proudly present this ‘SLAP’ as part of our AMP .rebuild two student with the fruits of ‘SLAP ’is our mission .

**ENGLISH LANGUAGE LAB – OCTOBER**

Activities at a glance

| Month | Activity | Purpose |
|---|---|---|
| 1)October $5^{th}$<br>$7^{th}$ period | *Movie(40mts)<br>*Chart(Comprehension Qns)<br>*Select the star of the day | To improve their English language skills |
| 2)October $13^{th}$<br>$7^{th}$ period | *Story split & play<br>*pause $1^{st}$ half<br>*imagine & tell<br>*$2^{nd}$ half play | To enchase their imagination to improve teeing listening and speaking skill. |
| 3)October $18^{th}$<br>$7^{th}$ period | *Guess &say(PPT)<br>*Slips-Writing<br>*Name the story(Winner) | Reading of writing skills |
| 4)October $27^{th}$<br>$7^{th}$ period | *Trieky questions &answer to of students<br>*Making questions for at home<br>*Star of the day | To improve they language skill |

# YEAR PLAN 2023-2024

| AIM | ACTIVITIES | DURATION | CHARGE | FUND |
|---|---|---|---|---|
| 1. Provide ample opportunities for listening & Speaking | Lend your ear<br>• Simple & interesting stories to hear<br>• Ask simple questions for comprehension | July | English Tr | English club |
| 2. Same above | Follow me if u can<br>• Devide them to groups<br>• Tr. Give instructions<br>• They act accordingly | August | English Tr | English club |
| | English News<br>• Send through whats-app group<br>• Listen of write<br>• Record their reading-The news | Daily<br><br>Twice in a month | English Tr | English club |
| | Missing man<br>• Trial-Conversation by tr &tr<br>• Conversation by Tr & Student<br>• Conversation by Student & Student | September | English Tr | Teacher/ School grand |
| | Treasure hunt<br>• Display 10 objects in a corner<br>• Let them watch for 1 minute<br>• Wrap them using a towel | September | English Tr | Teacher's own fund |

| | | | | |
|---|---|---|---|---|
| | • Each one select a object in mind<br>• He will stand in front of the class<br>• Students can ask Yes/No qus<br>• One who guess correctly the winner | | | |
| II. To enhance reading for that provide ample opportunities. | I too can<br>• Reading cads with level 1<br>• Then with level 2<br>• Library books issue. | June | Eng. TR | S.S.K Self |
| | Ladder game<br>• Mirror reading with 10 words.<br>• Identify and read<br>• One who reads fully the winner. | June-July | Eng. TR | Own fund |
| | Readers theatre<br>• Read loudly the cards<br>• Divide them 4 GPS.<br>• Enact the story | August | Eng. TR | M.P.T.A |
| | Best Reader contest.<br>• Select from classes.<br>• Select the best. | October | Eng. TR | Eng. Club |
| III. To enhance their writing skill through interesting activities. | My droplets<br>• My own dictionary to improve their vocabulary<br>• School magazine (English) | Throughout the year | Eng.TR | S.S.K<br>School Grant |

| | | | | |
|---|---|---|---|---|
| | Alert Zone<br>• Sign Boards making.<br>• Poster making on special Occasions.<br>• Notice preparing and sending. | “ | Eng club | |
| | Run baby Run<br>• Group activity (2 or 4)<br>• Exhibit One chart with a text.<br>• Give them time to read (5mts).<br>• Group wise rewrite the text.<br>• The group Which finishes first correctly the winner. | One day camp | Eng. TR | Eng. Club |
| To boost their confidence to communicate in English | ELATE CAMP<br>• English language acquisition with there for experiences<br>• Language games<br>My name is Annie. I like Apple<br>……..<br>Add and say for all participants.<br>• Lesson based drama skits.(selection)<br>• Script writing<br>• Character fixing.<br>• Rehersaling<br>• On the stage | November | Eng. TR | Eng club |

| | | | | |
|---|---|---|---|---|
| | • Riddles making & presentation.<br>• Recitation of poems.<br>• Tricky questions | December | Eng.TR | |

# സാമൂഹ്യശാസ്ത്രപഠനം – U P

**ആമുഖം**

മനുഷ്യൻ സമൂഹ്യജീവിയാണ്. അവന്റെ സമൂഹ്യബന്ധങ്ങളെക്കുറിച്ച് ഉള്ള പഠനമാണ് സാമൂഹ്യശാസ്ത്രം. സമൂഹത്തിലെ മാറ്റങ്ങളിൽ പങ്കാളിയാകുന്നതോടൊപ്പം സമൂഹത്തെ മുന്നോട്ട് നയിക്കുക എന്ന ഉത്തരവാദിത്തം നിറവേറ്റാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുക എന്നത് സാമൂഹ്യശാസ്ത്ര പഠനം ലക്ഷ്യമിടുന്നു. ജനാധിപത്യബോധം, മതനിരപേക്ഷത, ദേശീയബോധം, സഹിഷ്ണുത, സഹകരണം, സംഘബോധം, പ്രതികരണശേഷി, പാരിസ്ഥിതികാവബോധം തുടങ്ങിയ മൂല്യങ്ങൾ വളർത്താൻ സാമൂഹ്യശാസ്ത്രപഠനം കൊണ്ട് സാധിക്കുന്നു. വിദ്യാർത്ഥികളെ മൂല്യബോധമുള്ള ശരിയായ സാമൂഹ്യകാഴ്ചപ്പാടുള്ള വ്യക്തികളായി മാറ്റി എടുക്കുന്നത് അധ്യാപകന്റെ കടമ കൂടിയാണ്.

**പ്രശ്നങ്ങൾ**

- കുട്ടികളിൽ ചരിത്രാവബോധവും സാമൂഹികാവബോധവും വേണ്ടത്ര ഇല്ല.
- ജനാധിപത്യ ബോധത്തിന്റെയും പൗരബോധത്തിന്റെയും കുറവ് ഉണ്ട്.
- പൊതു വിജ്ഞാനത്തിലും ആനുകാലിക സംഭവങ്ങളെക്കുറിച്ചും ശ്രദ്ധ ഇല്ല
- ഭൂമിശാസ്ത്ര പഠനത്തിൽ താത്പര്യമില്ലായ്മ.
- പാരിസ്ഥിതികാവബോധത്തിന്റെ കുറവ്.

**മൂല്യ ലക്ഷ്യങ്ങൾ**

- ചരിത്രാവബോധം വളർത്തുക
- മതേതര ജനാധിപത്യബോധം വികസിപ്പിക്കുക
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക
- പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുക
- ഭൂപടം, അറ്റ്ലസ്, ഗ്ലോബ് നിർമ്മാണം നടത്തുക
- പാരിസ്ഥിതികാവബോധം വളർത്തുക
- മത്സര പരീക്ഷകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക

# യുപി സോഷ്യൽസയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വി ശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അടിസ്ഥാനതല അറിവുകൾ,ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക് വിദ്യാർത്ഥിയുടെ അടിസ്ഥാനതലംഅറിവ് പരിശോധിക്കുന്നതിന് ചോദ്യപ്പയറ്റ് നടത്തുക<br>ഓർമച്ചെപ്പ്<br>പഞ്ചായത്ത് തലം മുതൽ അന്തർദേശീയതലം വരെയുള്ള ഭൂപ്രകൃതി തലസ്ഥാനങ്ങൾ,വൈവിധ്യങ്ങൾ തുടങ്ങിയവ ICT സാധ്യത ഉപയോദിച്ച് പരിശോധിക്കുന്നു. | ജൂൺ<br>ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി എടുക്കുക | Field Trips &Virtual Field Trip ഫീൽഡ് ട്രിപ്പ് നേരിട്ടോ Virtual ആയോ നടത്തി (വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ | അധ്യാപകർ | |
| ജനാധിപത്യ സമ്പ്രദായത്തെ അടുത്തറിയുക | വിദ്യാലയത്തിനു പുറത്ത് അറിവ് ഗ്രാമസഭ,വാർഡ്സഭ എന്നിവയിൽ പങ്കെടുത്ത് ജനാധിപത്യസമ്പ്രദായത്തം അടിസ്ഥാനതലം മനസിലാക്കുന്നു | ജൂലൈ | അധ്യാപകർ രക്ഷാകർത്താക്കൾ | |
| നാടിന്റെ മഹത്തായ പാരമ്പര്യത്തേയും രാഷ്ട്രത്തിന്റെ പ്രത്യേകതകളും മനസിലാക്കുക | സ്വാതന്ത്ര്യദിനാഘോഷം<br>രാജ്യത്തിന്റെ ഐക്യത്തിന്റെയും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്ന സ്വാതന്ത്രദിനാഘോഷത്തിൽ ഉത്തരവാദിത്തത്തോടെ പങ്കെടുക്കുന്നു. | ഓഗസ്റ്റ് | അധ്യാപകർ രക്ഷാകർത്താക്കൾ പൊതു പ്രവർത്തകർ | |

| | | | | |
|---|---|---|---|---|
| മറ്റ് ദിനാഘോഷങ്ങൾ | ജൂൺ 5 പരിസ്ഥിതിദിനാഘോഷം<br>ജൂലൈ11 ലോകജനസംഖ്യാ ദിനം<br>ഓഗസ്റ്റ് 6 ഹിരോഷിമദിനം<br>ഓഗസ്റ്റ് 9 ക്വിറ്റ് ഇന്ത്യാദിനം<br>ഓഗസ്റ്റ് 9 നാഗസാക്കിദിനം | ജൂൺ 1 ആഴ്ച<br>ജൂലൈ ദിനം<br>ഓഗസ്റ്റ് ഓരാഴ്ച | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ചരിത്രാവബോധം വളർത്തൽ | വിദ്യാലയ ചരിത്രരചന<br>അഭിമുഖം<br>പുരാവസ്തു പ്രദർശനം<br>മ്യൂസിയം സന്ദർശനം<br>സ്കൂൾ മ്യൂസിയം തയ്യാറാക്കൽ | ജൂൺ മുതൽ ജനുവരി | SS അധ്യാപകർ<br>PTA, പൂർവ്വ വിദ്യാർത്ഥികൾ | |
| ജനാധിപത്യമൂല്യം വളർത്തുക | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് വിവിധ ഘട്ടങ്ങളിലൂടെ നടത്തുന്നു<br>വോട്ടെടുപ്പ് ബാലറ്റ് പേപ്പർ എന്നിവ തയ്യാറാക്കുന്നു.<br>വിദ്യാർത്ഥികൾക്ക് ചുമതലകൾ നൽകുന്നു<br>സജ്ജീകരിക്കുന്നു<br>തെരഞ്ഞെടുപ്പ് നടത്തുന്നു | ഓഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപകർ<br>ക്ലബുകൾ | |
| ദേശീയത, മതനിരപേക്ഷത തുടങ്ങിയ മൂല്യങ്ങൾ വളർത്തുക | സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം തുടങ്ങിയ ദേശീയദിനങ്ങളും ഉത്സവങ്ങളും സമുചിതമായി ആഘോഷിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| സാമൂഹിക പ്രശ്നങ്ങളിൽ പ്രതികരിക്കുന്നതിനുള്ള ശേഷി നേടുന്നു. | സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങളിൽ പ്രസംഗം, സെമിനാർ സ്കിറ്റ് എന്നിവ നടത്തുന്നു. | അക്കാദമിക വർഷം | അദ്ധ്യാപകരും ക്ലബ്ബ് അംഗങ്ങളും | |
| പൊതുവിജ്ഞാനം വളർത്തുക | പത്രവാർത്തകളെ അടിസ്ഥാനപ്പെടുത്തി ക്വിസ് പത്രവായന, ആനുകാലികങ്ങൾ എന്നിവ ക്ലാസ്റൂമുകളിൽ എത്തിച്ച് പത്രവായന ഉറപ്പാക്കുക | അക്കാദമിക വർഷം | അദ്ധ്യാപകരും ക്ലബ്ബ് അംഗങ്ങളും | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന, പോലീസ് എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുകയും | സെപ്തംബർ മുതൽ ഡിസംബർ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പല ദുരന്തങ്ങളിൽ കൂടി കടന്ന് പോകുന്നവരെ സന്ദർശിക്കുവാനും അവരാൽ കഴിയുന്ന സേവനം ചെയ്യുവാനും അവസരം ഉണ്ടാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | ഭൂമി മനുഷ്യന് മാത്രമല്ല എല്ലാ ജീവനുള്ളവയ്ക്കും ജീവിക്കാൻ അവകാശമുള്ളതാണ് എന്ന് തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ | ഒരു വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | • അനാവശ്യമായി മരങ്ങൾ മുറിക്കൽ<br>• കുന്നിടിക്കൽ<br>• മത്സ്യങ്ങളുടെ പ്രജനനകാലത്ത് ട്രോളിങ്ങ് നടത്തൽ<br>മനുഷ്യന്റെ അനാവശ്യമായ ഇടപെടൽ മൂലം നശിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയെ, പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്നു | | | |
| ഭൂമിശാസ്ത്രപഠനത്തിൽ താൽപര്യം | ഭൂപടവുമായി ബന്ധപ്പെട്ട കളികൾ ഭൂപടം, അറ്റ്ലസ്, ഗ്ലോബ് നിർമ്മാണം. | സെപ്തംബർ ജനുവരി | SS അധ്യാപകർ | |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റേയും സഹായത്തോടെ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും റോഡ് സുരക്ഷാ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽകരണക്ലാസ് സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | SS അധ്യാപകർ & SS Club | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ ഉന്നത പരീക്ഷകൾ എഴുതുന്നതിന് പ്രാപ്തി നേടുന്ന വിധത്തിൽ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | SS അധ്യാപകർ | |

# അടിസ്ഥാന ശാസ്ത്രം U.P

## ആമുഖം

ശാസ്ത്രലോകത്തിന്റെ നൂതനാശയങ്ങൾ മനസിലാക്കുന്നതിനും അവ ജീവിതത്തിൽ പ്രാവർത്തികമാക്കി തനിക്കും തന്റെ സമൂഹത്തിനും ശാസ്ത്രത്തിന്റെ പുതുലോകത്തേക്കുള്ള കവാടം തുറന്ന് അതിന്റെ ബഹിർ സ്ഫുരണം അനുഭവവേദ്യമാക്കുന്നതിന് കുട്ടികളെ പര്യാപ്തമാക്കുന്ന വിദ്യാ ഭ്യാസം. കുട്ടികൾക്ക് ചുറ്റുപാടുകളെ നിരീക്ഷിച്ചും പരീക്ഷണങ്ങളിലേർപ്പെട്ടും അപഗ്രഥന നിഗമന സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തിയും ആധുനിക ശാസ്ത്രലോകത്തെ പുതുവെല്ലുവിളികളെ നേരിടുന്നതിന് സജ്ജരാക്കുന്ന പ്രവർത്തന പദ്ധതിയാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്. വരും വർഷങ്ങ ളിൽ ഇത് തുടരുന്നതോടൊപ്പം ലോക്കൽ റിസോഴ്സുകൾ കൂടി ഉപയോഗ പ്പെടുത്തി ശാസ്ത്രപഠനം അർത്ഥസമ്പുഷ്ഠമാക്കാം എന്ന ശുഭ പ്രതീക്ഷയോ ടെ...

# അടിസ്ഥാന ശാസ്ത്രം U.P

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ ശാസ്ത്രത്തെ തിരിച്ചറിയൽ | **തുമ്പൂർമുഴി-** ജൈവവൈവിധ്യപാർക്ക് സന്ദർശനം- നക്ഷത്രവനം, ശലഭോദ്യാനം എന്നിവ നിരീക്ഷിക്കൽ. അതിരപ്പിള്ളി മേഖലയിലെ വനങ്ങളിലേക്ക് ഒരു യാത്ര. | അക്കാദമിക വർഷം ജനുവരി | ശാസ്ത്രാധ്യാപകർ | |
| | **കണ്ടലിനെ കണ്ടറിയാം**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് പ്രകൃതിയെ കണ്ടറിയാനും കൊണ്ടറിയാനും കഴിയുന്നു. | അക്കാദമിക വർഷം മുഴുവൻ | സയൻസ് ക്ലബ് | |
| ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക.<br>ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **സ്കൂൾ തല ശാസ്ത്ര പ്രദർശനം**<br>വിദ്യാർത്ഥികളിൽ ശാസ്ത്രത്തോട് ആഭിമുഖ്യം വളർത്തുന്നതിന് കുട്ടികൾ തന്നെ നേരിട്ട് പരീക്ഷണങ്ങൾ ചെയ്യുന്ന മേളകൾ സംഘടിപ്പിക്കുന്നു. അതുവഴി കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്നു. | സെപ്റ്റംബർ | സയൻസ് ക്ലബ് | |
| | **ക്ലാസ് തലത്തിൽ സയൻസ്കോർണർ**<br>ക്ലാസ് റൂമുകളിൽ പരീക്ഷണങ്ങൾ ചെയ്യുന്നതിന് ആവശ്യമായ സാമഗ്രികൾ കുട്ടികൾ തന്നെ ശേഖരിക്കുകയും പരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **നോട്ടീസ് ബോർഡ്**<br>ആനുകാലിക ശാസ്ത്രവാർത്തകൾ പ്രദർശിപ്പിക്കാനൊരു നോട്ടീസ് ബോർഡ് | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രാഭിമുഖ്യം വളരുന്നതൊടൊപ്പം റഫറൻസ് ബുക്ക്. ശാസ്ത്ര ലൈബ്രറി ഉപയോഗപ്പെടുത്തൽ<br><br>ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക.<br>ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാൻ ഉള്ള കഴിവ് വളർത്തിയെടുക്കുക. | **യുറേക്കാ...**<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട് പരീക്ഷണങ്ങൾ ചെയ്യുന്നതിനും അറിയുന്നതിനും റഫറൻസിനായി ശാസ്ത്ര ലൈബ്രറി ഉപയോഗപ്പെടുത്തുന്നു.<br><br>**നക്ഷത്രങ്ങളേ...**<br><br>ഗവ.പനമ്പിള്ളി മെമ്മോറിയൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന നക്ഷത്രകൂടാരം, ശാസ്ത്ര കൂടാരം ഇവ സന്ദർശിച്ച് കാര്യങ്ങൾ മനസിലാക്കുന്നു. | അക്കാദമിക വർഷം<br><br>നവംബർ | ശാസ്ത്രാധ്യാപകർ<br><br>സയൻസ് ക്ലബ് | |

# <u>ഗണിതം - യു.പി</u>

## ആമുഖം

ക്ലാസ്സിലെ ഓരോ കുട്ടിക്കും ഗണിതം തനിക്ക് പഠിക്കാൻ കഴിയുമെന്ന വിശ്വാസം ഉണ്ടാകണം. ഗണിതത്തോടുള്ള ഭയം മാറി ഗണിതം ആസ്വദിക്കുന്ന അവസ്ഥ വരണം. ചതുഷ്ക്രിയകൾ ഉചിതസ്ഥാനത്തും ശരിയായ രീതിയിലും ഉപയോഗിക്കാനുള്ള കഴിവുണ്ടാകണം. ജ്യാമിതീയ രൂപങ്ങൾ കൃത്യമായി തിരിച്ചറിയാൻ കഴിയണം. പ്രശ്നങ്ങൾ കണ്ടെത്താനും അവ പരിഹരിക്കാനും ഗണിതം സഹായകമാകണം. ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിസ്ഥാനക്രിയകൾ സഹായകമാകണം. ഗണിതം ആസ്വദിക്കാനും കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തണം. പിന്നാക്കം നിൽക്കുന്ന കുട്ടികളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്താൻ കഴിയണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | **ഗണിത ശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്, ..... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളു ടെ വികാസവും | **ഒറിഗാമി ശില്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേ ഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവ യുടെ ഗണിത സവിശേഷതകൾ പട്ടികപ്പെ ടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | **ഗണിത ലാബ്**<br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് | ആവശ്യാനു | ഗണിത അധ്യാ | |

| | | | | |
|---|---|---|---|---|
| | സജ്ജമാക്കൽ. ലാബിൽവെച്ച് ഗണിത ക്ലാസ്സ് നടത്തൽ. | സരണം | പകരും ഗണിത ക്ലബ്ബ് അംഗ ങ്ങളും | |
| ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് |
| ഗണിത മേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്** ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| ഭിന്നശേഷിക്കാരായ പഠിതാക്കൾക്ക് പ്രത്യേക പരിശീലനം | **ഗണിതകളികൾ** ഗണിതത്തോട് താല്പര്യമുണർത്തുന്ന ഗണിതകളികൾ പ്രത്യേക വർക്ക് ഷീറ്റ് നൽകിയുള്ള പരിശീലനം<br>ചിത്രങ്ങൾ, കാർഡുകൾ ഉപയോഗിച്ച് ഗണിതാശയങ്ങൾ എളുപ്പമാക്കൽ | 1 വർഷം | ഗണിത അധ്യാപകർ | |
| വിവിധ ശേഷികളുടെ വികസനം | **ദിനാചരണം** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| | | | | |
|---|---|---|---|---|
| പ്രതിഭകളായ കുട്ടികളെ ഉയര്‍ന്ന നിലവാരത്തിലെത്തിക്കുകയും മത്സരപരീക്ഷകള്‍ക്ക് സജ്ജരാക്കുകയും ചെയ്യുക. | **ഗണിത പസില്‍ സമാഹരണം/ അവതരണം**<br>മുന്നാക്കമുള്ള കുട്ടികളെ ലക്ഷ്യമാക്കി ഗണിത പസില്‍ സമാഹരണം/ അവതരണം. തുടര്‍ന്ന് ഗണിത പസില്‍ പുസ്തക പതിപ്പ് നിര്‍മ്മാണം.<br><br>USS, NUMATS പരിശീലനം | 1 വര്‍ഷം<br><br>ആവശ്യാനുസരണം | ഗണിത ക്ലബ്ബ്<br><br>ഗണിത അധ്യാപകര്‍ | |

# H.S വിഭാഗം

- മലയാളം
- ഇംഗ്ലീഷ്
- ഹിന്ദി (UP & HS)
- സാമൂഹ്യശാസ്ത്രം
- ഊർജ്ജതന്ത്രം - രസതന്ത്രം
- ജീവശാസ്ത്രം
- ഗണിതം & IT

# മലയാളം H S

**ആമുഖം :**

സാഹിത്യാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട സാഹചര്യം ഒരുക്കുന്നു.

**ലക്ഷ്യങ്ങൾ:**

- സാഹിത്യാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി വേണ്ട പ്രോത്സാഹനം നൽകുക.
- അവരുടെ സാഹിത്യകൃതികളെ പ്രസിദ്ധീകരിക്കുന്നതിനുള്ള പിന്തുണ നൽകുക.അവരുടെ സാഹിത്യമേഖലകളെക്കുറിച്ച് നൂതന അവബോധം നൽകുക.
- എഴുത്തും വായനയും പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക.
- ഭാഷാശേഷി ഉറപ്പിക്കുക.

**പ്രവർത്തന പദ്ധതി**

- സാഹിത്യകാരന്മാരെ പരിചയപ്പെടാൻ അവസരമൊരുക്കുക.
- സാഹിത്യകൃതികൾ പരിചയപ്പെടുന്നതിനും വായിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും അവസരമൊരുക്കുക.
- സാഹിത്യകൃതികളെ പ്രദർശിപ്പിക്കുന്നതിനോടൊപ്പം കുട്ടികളുടെ വായനാകുറിപ്പുകളും പ്രദർശിപ്പിക്കുക.
- പ്രാദേശിക സാഹിത്യവിഭവങ്ങളെ ഉൾപ്പെടുത്തി സാഹിത്യ കളരി ഒരുക്കുക.
- സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുക. പദ്ധതിയുടെ കാലയളവ് 2023 ജൂൺ മുതൽ 2032 വരെ

**സംഘാടനം/ ആസൂത്രണം**

- PTA, MPTA യുടെ സഹകരണം
- സ്കൂൾ ലൈബ്രറിയും പ്രാദേശിക ലൈബ്രറിയും സംയോജിപ്പിച്ച് പദ്ധതി യുടെ രൂപരേഖ ആസൂത്രണം ചെയ്യൽ.
- വിദ്യാരംഗം, മറ്റ് ക്ലാസ്സുകളുടെ സഹകരണം ഉറപ്പുവരുത്തുന്നു.

**നടപ്പിൽ വരുത്തുന്ന പദ്ധതികൾ**

- എഴുത്തുകാരനുമായുള്ള സംവാദം
- സാഹിത്യ കളരി
- കവിയരങ്ങ്
- സർഗ്ഗവേദി
- ചെറുകഥ, നോവൽ, ചർച്ച സംഘടിപ്പിക്കൽ, വായനക്കളരി
- സർഗ്ഗാത്മകതയ്ക്ക് വഴിയൊരുക്കൽ

**വാർഷിക കലണ്ടർ**

ജൂൺ 5 പരിസ്ഥിതിദിനം

പോസ്റ്റർ, ഉപന്യാസം, പരിസ്ഥിതി കവിതകൾ കണ്ടെത്താനും ആലപി ക്കാനും അവസരമൊരുക്കൽ

ജൂൺ 17 ചങ്ങമ്പുഴ ചരമദിനം

ചങ്ങമ്പുഴ കവിതകളും കൃതികളും പരിചയപ്പെടുത്തൽ

ജൂൺ 19 25 വായനാവാരം

ക്വിസ്

ആസ്വാദനകുറിപ്പ്

വായന മത്സരം

വായന കുറിപ്പ് തയ്യാറാക്കൽ

ജൂലൈ 5 ബഷീർദിനം

ബഷീർ നാടകാവിഷ്ക്കാരം

ബഷീർ കൃതികളെ പരിചയപ്പെടൽ

ബഷീർ ദിന ക്വിസ്

ജൂലൈ 10 ഉറൂബ്

കഥകൾ പരിചയപ്പെടൽ

ആസ്വാദനകുറിപ്പ് തയ്യാറാക്കൽ

ആഗസ്റ്റ് 17 ചിങ്ങം

നാടൻപാട്ടുകളുടെ ആലാപനം

മികച്ച കർഷകനുള്ള ആദരവ്

കാർഷിക സെമിനാർ

സെപ്റ്റംബർ 5 അദ്ധ്യാപകദിനം

അദ്ധ്യാപകരെ ആദരിക്കൽ

അദ്ധ്യാപക കഥകൾ പരിചയപ്പെടൽ

വിരമിച്ച അദ്ധ്യാപകരെ കണ്ടെത്തി അവരുമായിട്ടുള്ള അഭിമുഖം

സെപ്റ്റംബർ 7 - 9 ഓണാഘോഷം

ഓണപ്പാട്ടുകളുടെ ആലാപനം

ഒക്ടോബർ 12 കയ്യെഴുത്ത് മാസിക തയ്യാറാക്കി പ്രകാശനം നടത്തുന്നു.

ഒക്ടോബർ 16 വള്ളത്തോൾ ജന്മദിനം

കവിതാലാപനം

നവംബർ 1 കേരളപ്പിറവി

ഭാഷാപ്രതിജ്ഞ

ചിത്രപ്രദർശനം

കാർഷിക ഉപകരണങ്ങളുടെ പ്രദർശനം

ഡിസംബർ 5 പതിപ്പ് പ്രകാശനം

ഡിസംബർ 21 ലോക മാതൃ ഭാഷാദിനം, ക്വിസ്

ജനുവരി 6 എൻ എൻ കക്കാട് ചരമദിനം

ഫെബ്രുവരി 13 ഒ എൻ വി അനുസ്മരണം

മാർച്ച് 8 വനിതാദിനം

വനിതകളുടെ കൂട്ടായ്മയെ സംഘടിപ്പിക്കുന്നു.

സെമിനാർ

മാർച്ച് 25 കുഞ്ഞുണ്ണിമാഷ്

കുഞ്ഞുണ്ണി കവിതകളുടെ ആലാപനം

ചിത്രം വരയ്ക്കൽ

**ഭാഷാപരമായ പിന്നോക്ക പരിഹാരം അക്കാദമിക് മാസ്റ്റർ പ്ലാൻ വിശകലന ഫോർമാറ്റ് അക്കാദമികം**

| ലക്ഷ്യം | ഉപപ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | അക്ഷരം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രത്തിന്റെ അടിക്കുറിപ്പ് തയ്യാറാക്കൽ<br>ചിത്രം നോക്കി കഥയെഴുതൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അദ്ധ്യാപിക |
| കുട്ടിയെ മികച്ച വായനക്കാരാക്കുക. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>പത്രവായന<br>പുസ്തക ചർച്ച<br>വായനാനുഭവം<br>സർഗ്ഗാത്മകതയ്ക്കുള്ള അവസരമൊരുക്കൽ<br>ദിനാചരണം<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>വിവിധ വിഷയങ്ങൾ നല്കി പ്രസംഗം തയ്യാറാക്കൽ | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | |

# PREFACE

English is considered as a global language and is spoken by millions of people around the world. It is the language of international business, diplomacy, science and technology. Therefore, students who learn English have greater opportunities for communication and employment in the global market. In other words, learning is extremely important.

Additionally, English is the primary language used for academic research and higher education ,students who are proficient in English have greater access to academic resources and can participate in international research collaborations furthermore learning English can also broaden cultural horizon and facilitate cultural exchange.

The people of Kerala are keen to learn the language and hence English has its strong grip in the entire social fabric of Kerala, the language has its legacy in all walks of social and cultural life. Its influence is evident in education, politics, religion trade and commerce, literacy and health.

The demand of the public for English remains a distant dream to most of the learners even after authorities introduced English teaching from class 1 onwards generally the proficiency of English teachers has also improved now a day, yet care should be taken to ensure that learners achieve the learning outcomes prescribed in the curriculum. so we have to provide ample opportunities to learners .

## OBJECTIVE OF ENGLISH LEARNING

- Acquire basic language skills listening reading speaking and writing
- To think and then communicate in English
- Acquired the linguistic competence to handle in various life situations
- To promote critical thinking and analysis
- Fostering cultural awareness
- Encouraging creative expression
- Building language learning strategies
- Integrating digital literacy

## PROBLEMS IN ENGLISH LANGUAGE TEACHING

- Disturbed environment of the class
- Limited teaching resources
- Crowded classrooms
- Wrong syllabus
- Limited time to teach
- Using other language in the classrooms
- Student over dependence on teachers
- Using mother tongue in the classroom
- Lack of real life situation to use English for communication

# POSSIBLE SOLUTIONS

Avoid use of mother tongue at least during English period. Help the students to embrace the language with love. Use audio visual aids especially English movies cartoons etc. Practice the 4 skills – reading, writing, listening and speaking .

- Help the students to enrich their vocabulary
- Practice grammar exercises
- Prepare an active language lab for student
- ICT based lesson plans
- English book exhibition
- Drama festival, film festival etc .
- Various activities to improve English language under the guidance of English club
- English assembly
- English day celebration
- One day workshop in English

# HIGH SCHOOL

| Aims | Activities | Period | Responsibility | Expenditure supporter |
|---|---|---|---|---|
| • To enable the students to communicate in English confidently | 1. Spoken English class<br>2. English corner story time for students<br>3. Exhibition of English cartoons<br>4. English assembly once in a weeks | Holidays / Saturdays | English teacher | English club |
| • Create situation for to students to interpret in English | 1. English movies will be presented for the students. Students will try to create script for the same<br>2. Role play<br>3. English Day celebration<br>4. Discussions<br>5. Visual presentation of famous English poems | Along with classroom activities<br><br>Academic year | English teacher<br><br>English teacher | English club<br><br>PTA |
| • To utilize English language for technical education | 1. English fest (the grand camp)<br>o English movie fest<br>o Video conference with any of the resource person related to English<br>o English skit by student of different age group<br>o Language games<br>o Different writing competitions | During Christmas vocation | English club and teachers | PTA |
| • Opportunities for the students to interact with native speakers | 1.Friendly conversation with native English language speaker | Club activities | English club | PTA |
| • Prepare students for independent reading ans writing | 1. English news reading (sharing through class whatsapp groups)<br>2. Language games to enrich the vocabulary of the students<br>3. School English voice letter card, word | Daily<br><br>Along with classroom activities | Class teacher incharge | PTA |

| | | | | |
|---|---|---|---|---|
| | call, sentence card preparations.<br>4. Watch and write a story<br>5. English news reading in assembly.<br>6. News reading competitions | Assembly<br>Club activities | English teacher<br>English club | |
| • Dramatization | 1.Preparing and enacting skit from the chapters. | Club activities | English club | |
| • Prepare students for poem recitation and poetry writing | 1.Opportunities to hear different poetry recitations to understand the soul of poem recitations | Club activities | English club | |

# ആമുഖം

മാനവരാശിയുടെ വികാസത്തിൽ ഭാഷകൾക്ക് ഏറെ പങ്കുണ്ട്. ആശയവിനിമയത്തിനുള്ള ഏറ്റവും മുഖ്യമായ സുതാര്യമായ ഉപാധിയാണ് ഭാഷ. ഏത് കാലഘട്ടത്തിലും മനുഷ്യന് ഭാഷ കൂടിയേ തീരൂ. ദേശങ്ങൾക്കനുസരിച്ച് ഭാഷയും മാറുന്നു. അതുകൊണ്ട് എല്ലാ ഭാഷകളും പഠിക്കേണ്ടതുതന്നെ. ഭാഷ സംസ്കാരം കൂടിയാണ്. ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളും ഇന്ന് ഉപയോഗിക്കുന്ന ഭാഷയാണ് ഹിന്ദി. അതിഥി തൊഴിലാളികൾ കയ്യേറിയ കേരളത്തിന്റെ വിവിധ തൊഴിൽ മേഖലകളിലും അവരെ മനസ്സിലാക്കുന്നതിനും അവരോട് സംവദിക്കുന്നതിനും ഹിന്ദി അത്യാവശ്യമായി തീർന്നിരിക്കുകയാണ്. രാഷ്ട്രത്തിന്റെ ഔദ്യോഗിക ഭാഷകളിൽ ഒന്നായ ഹിന്ദി പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതും പ്രാധാന്യമാറുന്നു. മൊബൈൽ ഫോണിന്റെ ദുരുപയോഗം കൊണ്ട് മംഗ്ലീഷ് എന്ന ഭാഷ രൂപം കൊള്ളുകയും ഹിന്ദി, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളുടെ തനതുരൂപങ്ങൾക്ക് മങ്ങലേൽക്കുകയും ചെയ്തിരിക്കുകയാണ്. കുട്ടികൾക്ക് ഇമോജികളുടെ കാലഘട്ടത്തിൽ ഭാഷാപഠനത്തോട് താൽപര്യം കുറയുകയും ചെയ്തു. അക്ഷരങ്ങളുടെ ഉച്ചാരണവും എഴുത്തും വാക്കുകളുടെ ഉദ്ദേശവും ഉപയോഗവും ഒക്കെത്തന്നെ മാറിപ്പോയിരിക്കുന്നു. ഇതിനെ മെച്ചപ്പെടുത്തുന്നതിന് അനുകൂലമായ പഠനാന്തരീക്ഷം ഒരുക്കുകയാണ് പ്രധാന ലക്ഷ്യം. അക്ഷരങ്ങളിൽ നിന്നും എന്തിന് ---ഭാഷയിൽനിന്നുതന്നെ അകന്ന് മാറിപ്പോകുന്ന പുതുതലമുറയെ അക്ഷരങ്ങളോടടുപ്പിക്കുകയും വായനയിൽ തല്പരരാക്കി, വിജ്ഞാനത്തിന്റെ വിശാലമായ ലോകത്തേയ്ക്ക് കൈപിടിച്ച് നയിക്കേണ്ടത് ഭാരിച്ച ഒരു കർത്തവ്യമായി മനസ്സിലാക്കിക്കൊണ്ട് ഹിന്ദി ഭാഷാ പഠനം അക്ഷരമാലയിലൂടെത്തന്നെ തുടക്കം കുറിക്കേണ്ടതാണ്. അതിനായി സ്വതന്ത്രവും സംഘപരവുമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ

കൊടുക്കുന്ന ഭാഷാനൈപുണികൾ വളർത്തിക്കൊണ്ട് വരുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്നു.

## ലക്ഷ്യങ്ങൾ

- രാഷ്ട്രഭാഷകളിൽ ഒന്നായ ഹിന്ദി രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയാണെന്ന് മനസ്സിലാക്കി അതിന്റെ പ്രാധാന്യം തിരിച്ചറിയുക.
- ത്രിഭാഷാ പദ്ധതിയിൽ ഹിന്ദിക്കുള്ള പ്രാധാന്യം തിരിച്ചറിയുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമാക്കിമാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- ഹിന്ദി പഠനത്തിലൂടെ ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- എല്ലാ കുട്ടികളേയും ഹിന്ദി എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുക
- ഭാഷയുടെ അടിത്തറയായ അക്ഷരങ്ങൾ എഴുതുവാനും ഉച്ചരിക്കാനുമുള്ള ശരിയായ രീതി മനസ്സിലാക്കി അവലംബിക്കുക.
- ഭാഷാനൈപുണികൾ മെച്ചപ്പെടുത്തുക
- ദിനാചരണങ്ങൾ ഹിന്ദി ഭാഷയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുക.
- ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക
- ഹിന്ദി സംസാരിക്കുന്നവരെക്കൊണ്ട് ഒരു Live programme ചെയ്യുക.
- ഹിന്ദി കവിത, ഗാനങ്ങൾ, പുസ്തകപരിചയം, പ്രസംഗം എന്നിവ അസംബ്ലിയിൽ അവതരിപ്പിക്കുക.
- SSLC പരീക്ഷയിൽ ഹിന്ദിക്ക് 100% വിജയം ഉറപ്പാക്കുക. ഹിന്ദിയിൽ A+ നേടുന്ന കുട്ടികളുടെ എണ്ണം മെച്ചപ്പെടുത്തുക.
- ഭിന്നശേഷിക്കാരെ ഹിന്ദി തല്പരരാക്കുക.
- വിവരസാങ്കേതിക വിദ്യ ഹിന്ദി ഭാഷാപഠനത്തിന് ഫലപ്രദമായി ഉപയോഗിക്കുക.
- പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുക.

## കാഴ്ചപ്പാട്

ഇന്ത്യയിൽ ഏറ്റവും അധികം ആളുകൾ സംസാരിക്കുന്ന ഹിന്ദി ഭാഷ 2023 ആയപ്പോഴേക്കും ദക്ഷിണേന്ത്യയിലും വിശിഷ്യ നമ്മുടെ കൊച്ചുകേരളത്തിലും വ്യാപകമായി ഉപയോഗിച്ചുവരുന്നു. അതിനാൽ ഹിന്ദി പഠനം സ്കൂൾ വിദ്യാഭ്യാസത്തിൽ കുറ്റമറ്റതായി ആർജ്ജിക്കേണ്ടിയിരിക്കുന്നു. ആശയ പ്രകടനത്തിനുള്ള ഒരു ഉപാധിയായി ഹിന്ദിയും വേണമെന്നുള്ള ഒരു ധാരണ ഇതിലൂടെ വ്യക്തമാക്കുന്നു.

## പ്രശ്നങ്ങൾ / പരിമിതികൾ

അക്കാദമികം :

- സമയപരിധി ഹിന്ദി ഭാഷാപഠനത്തിൽ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു. മലയാളം, ഇംഗ്ലീഷ് ഭാഷകൾക്ക് ആഴ്ചയിൽ എല്ലാ ദിവസവും ഓരോ ക്ലാസ്സിനും ഓരോ പിരീയഡ് വീതമുള്ളപ്പോൾ ഹിന്ദി അഞ്ചാം ക്ലാസ്സിന് ആഴ്ചയിൽ 2 പിരീയിഡും 6 മുതൽ 10 വരെ ക്ലാസ്സുകൾക്ക് 3 പിരീയഡ് വീതവും മാത്രമാണ് പഠിപ്പിക്കാൻ ലഭിക്കുന്നത്. ഒരു അവധി വന്നാൽ ആ ദിവസത്തെ ക്ലാസ്സും നഷ്ടമായി നീണ്ട ഒരു ഇടവേളയ്ക്കു ശേഷമേ അടുത്ത ക്ലാസ്സ് ലഭിക്കൂ.
- ഭാഷാ ലാബിന്റെ അപര്യാപ്തത
- അക്ഷരപഠനം ചെറിയ ക്ലാസ്സുകളിൽ നിന്നും തുടങ്ങണം.
- സാങ്കേതിക വിദ്യ ഫലപ്രദമായി ക്ലാസ്സുകളിൽ ഉപയോഗിക്കാനാവുന്നില്ല.
- അക്ഷരജ്ഞാനമില്ലായ്മ.

ഭൗതികം:

- ക്ലാസ്സ് മുറികളിൽ പ്രൊജക്ടറുകൾ ഉപയോഗിക്കാനാവുന്നില്ല. നെറ്റിന്റെ അപര്യാപ്തതയാണ് മുഖ്യ കാരണം
- വിവിധ പ്രവർത്തനങ്ങൾക്ക് മതിയായ സാമ്പത്തിക ഭദ്രത ഇല്ലായ്മ.

മികവുകൾ:

SSLC യ്ക്ക് 100% വിജയം C+ ൽ താഴെ ഗ്രേഡുകൾ ആർക്കും ലഭിച്ചില്ല എന്നത് മികച്ച വിജയത്തെ സൂചിപ്പിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവത്തിൽ ഹിന്ദി പാട്ടുകൾ കുട്ടികൾ പാടി. ഭരണഘടനാ ദിന ത്തിൽ വിവിധ ഭാഷകളിൽ ഭരണഘടന - ആമുഖം വായിച്ചു. ഹിന്ദിയിലും.

ഹിന്ദി പഠനം നിലവിലെ അവസ്ഥ:

- ഹിന്ദി ഭാഷയോട് വൈമുഖ്യം
- കേൾവി ജ്ഞാനമുണ്ട്.
- ഹിന്ദി സംസാരിക്കുന്ന കുട്ടികളുടെ എണ്ണം കൂടി
- അക്ഷരജ്ഞാനത്തിന്റെ അഭാവം

ഉപസംഹാരം:

രാഷ്ട്രത്തിന്റെ ഔദ്യോഗിക ഭാഷയായ ഹിന്ദി മലയാളവും ഇംഗ്ലീഷും പോലെ പ്രാധാന്യമുള്ളതാണെന്ന തിരിച്ചറിവിലൂടെ, മറ്റ് വിഷയങ്ങൾക്കു കൊടു ക്കുന്ന പ്രാധാന്യം ഹിന്ദിക്കും കൊടുക്കുകയും ഭാവിയിൽ ഹിന്ദി ഭാഷയുടെ സാധ്യതകളിലേക്ക് കൈപിടിച്ചുയർത്തുന്നതിന് സഹായകരമായ രീതിയിൽ ഭാഷാപഠനം ഊർജ്ജിതമാക്കി ലക്ഷ്യങ്ങൾ സാധിക്കുമെന്ന് പ്രതീക്ഷിക്കാം.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1 ഹിന്ദി വായന | **ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ**<br>അധികവായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ച് ഹിന്ദി ഗ്രന്ഥശാല ഒരുക്കുന്നു. വലിയ അക്ഷരങ്ങളുള്ളതും വർണചിത്രങ്ങളോടു കൂടിയതുമായ ലളിതമായ കഥാപുസ്തങ്ങൾ, ബാലമാസികകൾ തുടങ്ങിയവ ഗ്രന്ഥശാലയിലോ വായനാമൂലയിലോ ലഭ്യമാക്കുക.<br>**ഹിന്ദി പത്രങ്ങൾ**<br>ഇന്റർനെറ്റിൽ നിന്നും ഇ-പേപ്പർ പ്രിന്റ് എടുത്ത വായനയ്ക്ക് അവസരം നൽകും. ഹിന്ദിയിലെ പുതിയ വാക്കുകൾ പരിചയപ്പെടൽ, വായനാകാർഡ് തയ്യാറാക്കൽ, ഗെയിമുകൾ, ചിത്രവായന തുടങ്ങിയവയ്ക്ക് അവസരമൊരുക്കുക.<br>**വായനാ കാർഡ്**<br>പച്ചക്കറികൾ, പഴങ്ങൾ, പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അദ്ധ്യാപകർ | പി.ടി.എ<br>പി.ടി.എ<br>എസ്.എസ്.എ<br>പ്രാദേശിക ഫണ്ട് ശേഖരണം | പ്രധാനാദ്ധ്യാപികൻ |

| | | | | | |
|---|---|---|---|---|---|
| | എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും. രാഷ്ട്രനേതാക്കൾ ഹിന്ദി കവികൾ, എഴുത്തുകാർ എന്നിവരടെ ചിത്രങ്ങൾ പേരുകൾ ചേർത്ത് വായന യ്ക്കായി ഒരുക്കൽ, ഹിന്ദി ബാലഗീതങ്ങൾ, ബാലക ഥകൾ ശേഖരിക്കൽ. | | | | |
| 2.പദസമ്പത്ത് വർദ്ധിപ്പിക്കുക | ഓരോ ദിവസവും പുതിയ വാക്കും അർത്ഥവും പ്ര യോഗവും പരിചയപ്പെടുത്തുക<br>**കോപ്പിയെഴുത്ത്**<br>പാഠഭാഗങ്ങൾ എഴുതിപ്പിക്കുന്നു.<br>**ചുമർപത്രിക**<br>പാഠഭാഗത്തെ പ്രവർത്തനങ്ങൾ ചുമർപത്രികയിൽ പ്രദർശിപ്പിക്കുന്നു<br>**ഹിന്ദി കൈഴുത്ത് മാസിക**<br>കുട്ടികളുടെ രചനകൾ ജനുവരി മാസത്തിൽ ഒരു കൈഴുത്ത് മാസികയായി പൊതുവേദിയിൽ വെച്ച് പ്രകാശനം ചെയ്യുന്നു. | ജൂൺ മുത ൽ | ഹിന്ദി അദ്ധ്യാപകർ രക്ഷിതാക്കൾ ഹിന്ദി ക്ലബ്ബ് | | പ്രധാനാ ദ്ധ്യാപികൻ |

| | | | | | |
|---|---|---|---|---|---|
| 3.ഹിന്ദി അസംബ്ലി | പ്രാർത്ഥന, പ്രതിജ്ഞ, പത്രവാർത്ത, മഹത്വചനങ്ങൾ, പുസ്തകപരിചയം, കമാന്റ്സ് എന്നിവയുൾപ്പെടെ എല്ലാം ഒരു ഹിന്ദി അന്തരീക്ഷം ഉണ്ടാക്കുന്നു. | ഒരു വർഷം | “ | | |
| 4.ദിനചരണങ്ങൾ | ദിനാചരണങ്ങളുടെ ഭാഗമായി പോസ്റ്റർ രചന, മറ്റു രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>ഹിന്ദി ദിനാചരണം സമുചിതമായി ആഘോഷിക്കുന്നു. | ജൂൺ മുതൽ<br>സെപ്തംബർ 14 | ഹിന്ദി അദ്ധ്യാപകർ | | പ്രധാനാദ്ധ്യാപിക<br>പ്രധാനാദ്ധ്യാപചശ |
| 5.വിവര സാങ്കേതിക മേഖല | ദൃശ്യ-ശ്രാവ്യ സാമഗ്രികൾ പ്രയോജനപ്പെടുത്തി പാഠഭാഗങ്ങൾ കൂടുതൽ എളുപ്പമാക്കുന്നു. അതിനായി ICT പ്രയോജനപ്പെടുത്തുന്നു. | അക്കാദമിക വർഷം | “ | | “ |
| 6. ഹിന്ദി മത്സരങ്ങൾ | ഭാഷാ വികാസത്തിനായി കഥ, കവിത, ഉപന്യാസം തുടങ്ങിയ മത്സരങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | “ | | “ |
| 7. സ്പോക്കൺ ഹിന്ദി | പഠന ക്ലാസ്സ് സംഘടിപ്പിക്കുന്നു. അഭിമുഖങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | “ | | “ |

| | | | | | |
|---|---|---|---|---|---|
| 8. ഹിന്ദി അന്തരീക്ഷം | ഹിന്ദി സിനിമ, ഹിന്ദി പാട്ടുകൾ, ഹിന്ദി കവിത എന്നിവ ആസ്വദിക്കാൻ അവസരമൊരുക്കുന്നു.<br><br>5 മുതൽ 10 വരെ ക്ലാസ്സുകളിലെ മാറിയ പുസ്തകങ്ങൾക്കനുസരിച്ച് ഹിന്ദി ഭാഷാപഠനത്തിനനുകൂലമായ പഠനതന്ത്രങ്ങൾ കണ്ടെത്തി പ്രയോഗിക്കുന്നു. | അക്കാദമിക വർഷം | ‘‘ | | ‘‘ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# സോഷ്യൽ സയൻസ് (H.S)

## സോഷ്യൽ- സയൻസ് - അവസ്ഥാ വിശേഷം - മാസ്റ്റർ പ്ലാൻ

- സാമൂഹ്യശാസ്ത്ര വിഷയം രണ്ട് അദ്ധ്യാപകർ നേതൃത്വം നൽകുന്നു.
- സാമൂഹ്യശാസ്ത്ര ക്ലബ്ബ് വിവിധ പ്രവർത്തനങ്ങളോടെ സജീവമായി പ്രവർത്തിക്കുന്നു.
- സാമൂഹ്യശാസ്ത്ര ദിനാചരണങ്ങൾ കഴിഞ്ഞ നാളുകളിൽ സമുചിതമായി ആഘോഷിച്ചു.
- 'Subject Council' Meeting കൂടുകയും, Lesson Plan, Teaching Manual, Learning Activity Plan ചെയ്യുകയും ഉണ്ടായി
- വിലയിരുത്തൽ പ്രക്രിയയുടെ ഭാഗമായി Unit Test, Mid Term Test നടത്തുകയും ഉണ്ടായി.
- കോവിഡാനന്തര കുട്ടികളുടെ മാനസിക ശാന്തീകരണത്തിനായി വിഷയാധിഷ്ഠിത പിന്തുണ നൽകുന്നു.
- വായന മാസാചരണം, പരിസ്ഥിതി ദിനം, ലഹരി വിരുദ്ധദിനം പ്രവർത്തനങ്ങളിൽ പങ്കാളിത്തം നൽകി.
- പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് Remedial Teaching നൽകി.

## വിഷായാധിഷ്ഠിത (Social Science) ലക്ഷ്യങ്ങൾ

- ❖ ഒരു ഉത്തമ പൗരനെ വാർത്തെടുക്കാൻ - സമഗ്ര വ്യക്തിത്വ വികസനം
- ❖ ജനാധിപത്യബോധമുള്ള വിദ്യാർത്ഥി സമൂഹം കുട്ടികളെ ഒരു അദ്ധ്യാപകൻ എന്ന നിലയ്ക്ക് Mentor എന്ന നിലയിലും പിന്തുണ നൽകുക.
- ❖ പൊതുവിദ്യാഭ്യാസ ശാക്തീകരണം, ലോകോത്തര നിലവാരം നേടിയെടുക്കൽ
- ❖ വിദ്യാലയത്തിലൂടെ സാമൂഹ്യപരിഷ്കരണം എന്ന ആശയത്തിലേക്ക് കുട്ടികളെ നയിക്കുക.
- ❖ അദ്ധ്യാപകർ കുട്ടികളെ അറിയുക, മനസിലാക്കുക എന്ന സമീപനരീതി.
- ❖ ദൃശ്യ-ശ്രാവ്യ അനുഭൂതിയിലൂടെ വിഷയവിനിമയത്തിന്റെ കാര്യക്ഷമത.
- ❖ വിദ്യാലയത്തിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കൽ, പഠനം ലളിതമാക്കുക
- ❖ രാഷ്ട്രനേതൃത്വം - ആദരവും ബഹുമാനവും സംരക്ഷിക്കൽ
- ❖ പഠനനേട്ടങ്ങൾ നേരിട്ട് അനുഭവ പൂർണ്ണമാക്കുക, ചരിത്രം, പരിസ്ഥിതി, പഠന ത്തിന്റെ പ്രാധാന്യം
- ❖ ആനുകാലിക സംഭവങ്ങളെ സംവാദ തലത്തിൽ വിഷയവുമായി ബന്ധിപ്പിക്കൽ
- ❖ പഠനം ശാസ്ത്രീയമാക്കുക, ICT സാധ്യതകൾ ഉപയോഗിക്കുക.

## സാമൂഹ്യ ശാസ്ത്ര അവസ്ഥാപഠനം

### ❖ അക്കാദമികം

1. കോവിഡാനന്തര കാലഘട്ടത്തിൽ 5 മുതൽ 7 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും ധാരണകളും ആശയങ്ങളും നേടാൻ കഴിയുന്നില്ല.
2. എല്ലാ കുട്ടികളേയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല
3. വൈവിധ്യമാർന്ന പഠനനേത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങളുണ്ട്.
4. പരിശീലന പഠന പ്രക്രിയ വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും സാധിക്കുന്നില്ല.

### ❖ ഭൗതീകം

1. ക്ലാസ്സ് മുറികൾ പഠന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന് അനുയോജ്യമായ തരത്തിലുള്ളതല്ല.
2. ഐ.സി.ടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ട്.
3. ക്ലാസ്സ് ലൈബ്രറികൾ സജ്ജമല്ല.

### ❖ സാമൂഹികം

1. പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തിയിട്ടില്ല
2. പ്രാദേശിക വിഭവ ശേഖരണം നടത്തിയിട്ടില്ല
3. വിവിധ വിഷയങ്ങളിൽ വൈദഗ്ദ്ധ്യം നേടിയവരെ ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

| നം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | പഠന മോഡലുകൾ, ക്ലാസ് മുറി വിനിമയം | ഓരോ 4 മാസം കൂടുമ്പോഴും ഒന്ന് എന്ന കണക്കിൽ | (ദൈനംദിന പ്രവർത്തനങ്ങൾ) | |
| 2. | പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കൽ (ഉദാ. ക്വിസ് മുതലായവ) | ഓരോ 4 മാസം കൂടുമ്പോഴും ഒന്ന് എന്ന കണക്കിൽ | അദ്ധ്യാപകർ- രക്ഷാകർത്താക്കൾ (CPTA & PTA & JMC) | |
| 3. | യുദ്ധവിരുദ്ധ മനോഭാവം, ദേശഭക്തി വർദ്ധിപ്പിക്കൽ ദേശീയബോധം വളർത്തുന്ന പ്രവർത്തനങ്ങൾ | ജൂൺ, ജൂലൈ ആഗസ്ത്, സെപ്തംബർ | Social Experts Subject Experts | |
| 4. | ഐ.സി.ടി പഠനരീതി ക്ലാസ് റൂം വിനിമയത്തിന് | ജൂൺ, ജൂലൈ ആഗസ്ത്, സെപ്തംബർ | “ | |
| 5. | പഠനപ്രവർത്തനം - സാമൂഹ്യ വിനിമയത്തിന് (ഉദാഃ oner PTA) | ഒരു വർഷത്തിൽ ചുരുങ്ങിയത് 3 തവണ | “ | |
| 6. | വിദ്യാർത്ഥിയെ വ്യക്തിഗതമായി മനസ്സിലാക്കി - കുടുംബ അവസ്ഥ മനസ്സിലാക്കി പഠിപ്പിക്കൽ | | “ | |
| 7. | പഠന പ്രവർത്തനങ്ങളിൽ വിവിധ വിനിമയ മാധ്യമങ്ങൾ ഉപയോഗിക്കൽ | എല്ലാ ദിനവും | “ | |

| | | | | |
|---|---|---|---|---|
| 8. | പഠന ആശയം ബോധ്യങ്ങൾ എന്നിവ വളർത്തുന്ന ക്ലാസ് റൂം പ്രവർത്തനങ്ങൾ | മുഴുവുവൻ കാലയളവും | ‘‘ | |
| 9. | ക്ലാസ് റൂം ചർച്ചകൾ, സംവാദങ്ങൾ പഠനയാത്രകൾ | ആഴ്ചകളിൽ, മാസങ്ങളിൽ | ‘‘ | |
| 10 | മഹത്വ്യക്തികളെ പരിചയപ്പെടുത്തൽ (ഉദാഃ ഡോ. ബി ആർ അംബേദ്കർ) | ആഴ്ചകളിൽ | ‘‘ | |
| 11 | ആനുകാലിക വാർത്തകൾ പഠന പ്രവർത്തനവുമായി ബന്ധിപ്പിക്കുക | ആഴ്ചകളിൽ | ‘‘ | |
| 12 | ലാബ്, ലൈബ്രറി തയ്യാറാക്കൽ | വർഷത്തിൽ | ‘‘ | |
| 13 | UPS, സ്റ്റീരിയോ സ്റ്റോപ്പ്, പ്രൊജക്റ്റ് തയ്യാറാക്കൽ | വർഷത്തിൽ | ‘‘ | |
| 14 | കരിയർ ഗൈഡൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ | വർഷത്തിൽ | ‘‘ | |

| നം | | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം | റിമാർ ക്ക്സ് |
|---|---|---|---|---|---|---|
| 1 | അക്കാദമികം, ഭൗതീകം | **സാമൂഹ്യ ശാസ്ത്രലാബ്**<br>സാമൂഹ്യസാസ്ത്രം പഠിപ്പിക്കുന്നതിന് ആവശ്യമായ ഗ്ലോബ്, അറ്റ്ലസ്, ഭൂപടങ്ങൾ, വീഡിയോ ശേഖരം എന്നിവ ശേഖരിച്ച് സാമൂഹ്യശാസ്ത്ര ലാബ് തയ്യാറാക്കുന്നു. | 3 മാസം | SS Club | 10,000/- | |
| 2 | സാമൂഹികം | **ചരിത്രത്തിന്റെ വേരുകൾ തേടി**<br>സ്കൂളിന്റെ പരിസര പ്രദേശങ്ങളിലുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി കുട്ടികളേയും കൂട്ടി പഠനയാത്ര നടത്തുന്നു. | 1 വർഷം | SS Club | 10,000/- | |
| 3 | സാമൂഹികം | **ദർപ്പണം- ദൈനംദിന പത്ര ക്വിസ്**<br>ഓരോ ദിവസത്തേയും പത്രത്തെ ആസ്പദമാക്കി ഒരു പൊതുവിജ്ഞാന ചോദ്യം നോട്ടീസ് ബോർഡിലിടുകയും കുട്ടികൾ ഉത്തരമെഴുതി ഉത്തരപ്പെട്ടിയിലിടുന്നു. | 1 വർഷം | അദ്ധ്യാപകർ | 1000/- | |
| 4 | അക്കാദമികം | **വീഡിയോ പ്രദർശനം**<br>സാമൂഹിക - നവോത്ഥാന നായകരുടെ ജീവിതവും ജീവചരിത്രവും അറിയുന്നതിനു വേണ്ടി അവരുമായി ബന്ധപ്പെട്ട ചലചിത്രങ്ങളോ, | 1 വർഷം | അദ്ധ്യാപകർ | 500/- | |

| | | | | | | |
|---|---|---|---|---|---|---|
| | | ഡോക്യുമെന്ററികളോ മാസത്തിൽ ഒരിക്കൽ പ്രദർശിപ്പിക്കുക. | | | | |
| 5 | അക്കാദമികം | **ഒപ്പം -ഭിന്ന ശേഷികുട്ടികളെ പരിഗണിക്കൽ** സാമൂഹ്യ ശാസ്ത്ര ആശയങ്ങൾ ചിത്രങ്ങളിലൂടേയും മോഡലുകളിലൂടേയും ശ്രദ്ധയിൽപ്പെടുത്തി സാധ്യത ഉപയോഗിച്ച് പഠനം ആകർഷകമാക്കാൻ ഒഴിഞ്ഞ ദിനങ്ങൾ പ്രത്യേക ക്ലാസ് സംഘടിപ്പിക്കുക | 1 വർഷം | അദ്ധ്യാപകർ | 1000/- | |
| 6 | അക്കാദമികം | **ICT സാധ്യത പ്രയോജനപ്പെടുത്തൽ** സ്റ്റെല്ലേറിയം, സൺക്ലോക്ക് മാർബിൾ തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ആകർഷകമാക്കുക. | 1 വർഷം | അദ്ധ്യാപകർ | 1000/- | |
| 7 | സാമൂഹികം | പ്രാദേശിക വിവരശേഖരണം കുട്ടികൾ ഓരോരുത്തരും അവരവരുടെ നാടിന്റെ ഭൂപടം തയ്യാറാക്കുന്നു. അതോടൊപ്പം ഓരോ പ്രദേശത്തിന്റേയും ചരിത്രത്തെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. | 3 മാസം | SS Club | 500/- | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ (2023-2024)

## ഫിസിക്കൽ സയൻസ്

**ലക്ഷ്യങ്ങൾ**

- ദൈനംദിന ജീവിതത്തിൽ സയൻസിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തി നേടുകയും ചെയ്യുക.
- കുട്ടികൾ സ്വന്തമായി വർക്ക്ഷീററുകൾ നിർമ്മിക്കുകയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.
- സയൻസ് പഠനത്തിലൂടെ യുക്തിപരമായി ചിന്തിക്കാനും, അന്തവിശ്വാസങ്ങളെ ദൂരീകരിക്കാനും പ്രാപ്തരാക്കുക.
- സയൻസിൽ അഭിരുചി വളർത്തുകയും യോജിച്ച തൊഴിൽ മേഖല കണ്ടെത്താൻ പ്രാപ്തരാക്കുകയും ചെയ്യുക
- ക്ലാസ് മുറികളിൽ തന്നെ സൻസുമായി ബന്ധപ്പെട്ട അത്യാവശ്യ പരീക്ഷണങ്ങൾ ചെയ്യാവുന്നവിധം നവീകരിക്കുക.
- ക്ലബ്ബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി ശാസ്ത്രാഭിരുചി വളർത്തുക
- സയൻസ് പഠനത്തിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.
- കോവിഡിനുശേഷം കുട്ടികൾക്ക് അവർ നേടേണ്ട ധാരണകളും ശേഷികളും ആർജിക്കാൻ കഴിയുന്നില്ല.

- എല്ലാ കുട്ടികളേയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും, നടപ്പിലാക്കാനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- പരിശീലന പഠന പ്രക്രിയ വൈവിധ്യമാക്കുന്നതിനും, ശാസ്ത്രീയമാക്കുന്നതിനും സാധിക്കുന്നില്ല.

**ഭൗതീകം**

- ക്ലാസ് മുറികളിൽ പരീക്ഷണങ്ങളും, നിരീക്ഷണങ്ങളും നടത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

**സാമൂഹികം**

- പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തിയിട്ടില്ല
- സയൻസ് വിഷയങ്ങളിൽ വൈദഗ്ദ്യം നേടിയവരെ ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പി ക്കുക. | • മാസത്തിലൊരിക്കൽ അസംബ്ലിയിൽ ഒരു ശാസ്ത്രജ്ഞനെ പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | • ലഘുപരീക്ഷണങ്ങൾ കുട്ടികൾക്ക് മുമ്പിൽ ഒരു കുട്ടി കാണിച്ച് കൊടുക്കുവാൻ അവസരം കൊടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | • പാഠങ്ങളുമായി ബന്ധപ്പെട്ട വർക്കിംഗ് മോഡൽ, ചാർട്ടുകൾ എന്നിവ പറഞ്ഞ് കൊടുത്ത് കുട്ടികളെക്കൊണ്ട് നിർമ്മി ക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | • നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം | | | |
| നിരന്തരമായി അന്വേഷ ണം നടത്തുകയും ലഭി ച്ച വിവരങ്ങൾ വിശകല നം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | • വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ അവ രുടെ ചിന്തകൾക്കനുസരിച്ച് ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | • സമകാലിക കണ്ടുപിടുത്തങ്ങളും, നേട്ടങ്ങ ളും, അതിന്റെ പ്രയോജനങ്ങളും സെമിനാ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | റായി ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | | | |
| ശാസ്ത്രബോധം വളർത്തുക. | • സമകാലിക നേട്ടങ്ങൾ സൂചിപ്പിക്കുന്ന ചിത്രങ്ങളും, പ്രബന്ധങ്ങളും ഉൾപ്പെടുത്തി സയൻസ് മാഗസിനുകൾ ഉണ്ടാക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | • ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് അവരെപ്പറ്റി ചെറിയ കുറിപ്പോടെ ശാസ്ത്ര ആൽബം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | • സയൻസ് ലാബ് ആധുനിക വത്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ്, പി.ടി.എ |
| | • വിവിധ തലങ്ങളിലുള്ള ക്വിസ്, സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | രക്ഷിതാക്കൾ |
| | • സയൻസ് ഡ്രാമ, സയൻസ് എക്സിബിഷൻ, LED നിർമ്മാണ ശില്പശാല | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| | • സയൻസ് ലൈബ്രറിയും, സയൻസ് കോർണറും ക്ലാസ്സുകളിൽ ഉണ്ടാക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| | • ഫാക്ടറികൾ, സയൻസ് പാർക്കുകൾ, പ്ലാന റ്റേറിയങ്ങൾ എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് |
| | • ദിനാചരണങ്ങൾ - ചാന്ദ്രദിനം, ഓസോൺ ദിനം, World Space Week എന്നിവ ബോധ വത്കരണ ക്ലാസ്സുകൾ, Poster തയ്യാറാ ക്കൽ നടത്തുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | • വാർത്താമാധ്യമങ്ങളിൽ നിന്നും, മറ്റും ശേ ഖരിക്കുന്ന ശാസ്ത്രവാർത്തകൾ ആഴ്ചയി ലൊരിക്കൽ ബുള്ളറ്റിൻ ബോർഡിൽ പ്രദർ ശിപ്പിച്ച് അതിനെ ആസ്പദമാക്കി പ്രശ് നോത്തരി നടത്തുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ (2023-2024)

## ജീവശാസ്ത്രം

**ലക്ഷ്യങ്ങൾ**

- ജീവശാസ്ത്രം കൂടുതൽ സൗഹാർദ പൂർണ്ണമാക്കുക
- എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- പരീക്ഷണ നിരീക്ഷണങ്ങൾ, അന്വേഷണാത്മക കൗതുകം, നിഗമനങ്ങൾ, വ്യാഖ്യാനങ്ങൽ, ദത്തങ്ങൾ രൂപീകരിക്കാൽ ശാസ്ത്ര രചനകൾ, മാതൃകകൾ,പ്രസന്റേഷനുകൾ,ചോദ്യാവലി തയ്യാറാക്കൽ എന്നിവ എല്ലാകുട്ടികളും ആർജ്ജിക്കുക.
- ഐസിടി സാധ്യത പ്രയോജനപ്പെടുത്തുക
- പ്രാദേശീക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക
- പൊതു വിജ്ഞാനത്തിന് ഊന്നൽ നൽകുക.
- ക്ലബ്ബ് പ്രവർത്തനത്തിലൂടെ ശാസ്ത്ര അവബോധം വളർത്തുക.
- പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുന്നതിലൂടെ കുട്ടികളിൽ അന്വേഷണ ത്വരയും ലക്ഷ്യപ്രാപ്തിയും വളർത്തിയെടുക്കുക

**ജീവശാസ്ത്രം അവസ്ഥാപഠനം**

1. **അക്കാദമികം**

കോവിഡാനന്തര കാലഘട്ടത്തിൽ 8 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികളും, ധാരണകളും, ആശയങ്ങളും നേടാൻ കഴിയുന്നില്ല

   a. എല്ലാകുട്ടികളേയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സാധിക്കുന്നില്ല.
   b. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ,സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങൾ ഉണ്ട്.

2. **ഭൗതികം**

   a. ക്ലാസ്സ് മുറികൾ പരീക്ഷണ നിരീക്ഷണങ്ങൾ നടത്താൻ അനുയോജ്യമല്ല
   b. മിനിലാബുകൾ സജ്ജീകരിക്കാൻ ക്ലാസ്സ് മുറികൾ അനുയോജ്യമല്ല.

3. **സാമൂഹികം**

പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തിയിട്ടില്ല. സബ്ജക്ട് എക്സ്പർട്ടിനെ ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അക്കാദമികം | ആഴ്ചയിൽ ഒരു ദിവസം അസംബ്ലിയിൽ ഒരു ശാസ്ത്രജ്ഞനെ പരിചയപ്പെടുത്തുന്നു.<br>ക്ലാസ്സ് പരീക്ഷകൾ നടത്തുകയും, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി മുന്നോട്ട് കൊണ്ടുവരുന്നതിനും അവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നു. | ഒരു അദ്ധ്യായന വർഷം<br><br>ഒരു അദ്ധ്യായന വർഷം | സയൻസ് അദ്ധ്യാപകൻ<br><br>സയൻസ് അദ്ധ്യാപകൻ | | |
| 2 | ഭൗതികം | വീടുകളിൽ മഴവെള്ള സംഭരണി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുള്ള സർവ്വെ | ജൂലൈ | സയൻസ് അദ്ധ്യാപകൻ | | |
| 3 | സാമൂഹികം | വീട്ടിലും വിദ്യാലയത്തിലും പച്ചക്കറി ത്തോട്ടം | ജൂലൈ | കാർഷീക ക്ലബ് കൺവീനർ | 10,000/- | കൃഷിഭവൻ |
| 4 | അക്കാദമികം | ദിനാചരങ്ങൾ പ്രമേഹദിനം Aids ദിനാചരണം, ലോകഹൃദയദിനം ബോധവത്ക്കരണ ക്ലാസ്സുകൾ, പോസ്റ്റർ തയ്യാറാക്കൽ, | ഒരു വർഷം | ജീവ ശാസ്ത്ര അദ്ധ്യാപിക | 1000/- | |

| | | | | | | |
|---|---|---|---|---|---|---|
| | | റാലികൾ,അവയവദാനം ക്ലാസ്സുകൾ | | | | |
| 5 | | സയൻസ് ബുള്ളറ്റിൻ ബോർഡ് വാർത്താ മാധ്യമങ്ങളിലും, സയൻസ് മാസികകളിലും വരുന്ന ശാസ്ത്ര വാർത്തകൾ ശേഖരിച്ച് ആഴ്ചയിലൊരിക്കൽ ബുള്ളറ്റിൻ ബോർ ഡിൽ വിവരങ്ങളെ അടിസ്ഥാനമാക്കി പ്രശ് നോത്തരി | ഒരു അദ്ധ്യ യന വർഷം | സയൻസ് അദ്ധ്യാപകൻ | | |
| 6 | അക്കാദമികം | അത്ഭുത കണ്ണിലൂടെ ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസ രം നൽകുന്നു.മോഡലുകൾ നിർമിക്കാ നാവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടു ത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമി ക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ | | |

# ACADEMIC MASTER PLAN

ഹൈസ്കൂൾ വിഭാഗം

- ഗണിതം
- ICT

ഗണിതപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്താനും അവർക്ക് ആവശ്യമായ സഹായം നൽകാനും ഗണിതപഠനത്തിൽ തൽപരമായ കുട്ടികളെ ഉന്നതനിലവാരത്തിലെത്തിക്കാനും മത്സരപരീക്ഷകൾക്ക് തയ്യാറാക്കാനും ലക്ഷ്യമി ടുന്നു. പത്താം ക്ലാസിൽ ശരാശരി നിലവാരക്കാരായ കുട്ടികളെ A+ ൽ എത്തിക്കുന്നതിനും ലക്ഷ്യമിടുന്നു.

**കാഴ്ചപ്പാട്**

- ചതുഷ്ക്രിയകൾ ഉപയോഗിച്ച് പ്രശ്നപരിഹാരത്തിന് കഴിവുകൾ നേടണം
- യുക്തിപരമായി ചിന്തിക്കുന്നതിന് പ്രയോഗികജീവിതത്തിൽ ഉപയോഗിക്കുന്നതിന്
- പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കഴിവ്

**ലക്ഷ്യം**

- ചതുഷ്ക്രിയകൾ വേഘത്തിൽ കൃത്യതയോടും സൂഷ്മതയോടും കൂടി ചെയ്യുന്നതിന്
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്
- അളവ് സമയം എന്നിവയെ കുറിച്ചുള്ള ധാരണ
- അതതുക്ലാസിലെ പഠനനേട്ടങ്ങൾക്ക് ഊന്നൽ കൊടുക്കുക.

**അവസ്ഥാ പഠനം:**

- കുട്ടികൾ ഗണിതത്തിൽ താല്പര്യമുള്ളവരാണ് പ്രശ്നോപഗ്രന്ഥത്തിനും യുക്തിപരമായി പരിഹാരം കാണുന്നതിനും പ്രയാസം നേരിടുന്നു.
- 8,9,10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല
- അടിസ്ഥാന ആശയങ്ങളിൽ ഉള്ള ധാരണക്കുറവ് കൊണ്ട് കുട്ടികളിൽ ഗണിത പഠനത്തിൽ താൽപര്യകുറവ് അനുഭവപ്പെടുന്നു.
- ഗണിതാശയങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തതുകൊണ്ട് ഗണിതപഠനത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നില്ല.
- കുടുംബപ്രശ്നങ്ങൾ മൂലമുണ്ടാകുന്ന മാനസിക പിരിമുറുക്കം പഠനത്തിൽ പിന്നോക്കാവസ്ഥ സൃഷ്ടിക്കുന്നു.

**പരിഹാര നിർദ്ദേശം**

- ഓരോ ക്ലാസിനും ആവശ്യമായ അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് അവരുടെ നിലവാരത്തിനനുസരിച്ച് ക്ലാസ് നൽകുന്നു.

- കുട്ടികളുമായി നല്ല വ്യക്തിബന്ധം സ്ഥാപിക്കുകയും ഗൃഹസന്ദർശനം നടത്തുകയും രക്ഷിതാക്കളെ ബോധവത്കരിക്കാനുള്ള ശ്രമം നടത്തുകയും ചെയ്യുന്നു.
- കുട്ടികൾക്ക് ആവശ്യമായ Text book, Geometrical box ഇവ ലഭ്യമാക്കുന്നു.
- കുട്ടികൾക്ക് നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രായോഗികതലത്തിൽ ഗണിതം എങ്ങനെ ഉപയോഗിക്കാം എന്ന് ബോധ്യപ്പെടുത്തുന്നു.
- Club, Lab പ്രവർത്തനങ്ങൾ
- കുട്ടികൾക്ക് ഗണിതത്തിൽ താല്പര്യമുണ്ടാക്കുന്നതിനായി Puzzles, Games ഇവ പ്രയോജനപ്പെടുത്തുന്നു.

## മേഖല - ഹൈസ്കൂൾ ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അദ്ധ്യാപകൻ | |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ, ആവശ്യമുള്ള പഠന സാമഗ്രി കണ്ടെത്തൽ | തുടർ പ്രവർത്തനം | അദ്ധ്യാപകന്റെ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3 | ഗണിത ആശയങ്ങളിൽ നിന്നും രൂപപ്പെടുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടാൻ | ഗണിത ലാബ്, ശില്പശാല, ക്ലബ് പ്രവർത്തനങ്ങൾ | ഒരു ടേമിൽ ഒന്ന് | അദ്ധ്യാപകർ, ഗണിത ക്ലബ് | പിടിഎ അഭ്യുദയകാംക്ഷികൾ |
| 4 | ഗണിത മത്സര വേദിയിലേക്ക് ഊർജ്ജ്സ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബ് പ്രവർത്തനം മത്സരങ്ങൾക്ക് പ്രാപ്തരാക്കാൻ | തുടർ പ്രവർത്തനം | ഗണിത ക്ലബ് അദ്ധ്യാപകർ | പിടിഎ അദ്ധ്യാപകർ |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അദ്ധ്യാപകർ സംഘത്തലവൻ | |

| | | | | | |
|---|---|---|---|---|---|
| 6 | ചെറിയ ക്ലാസ്സുകൾ മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ ഇടപെടൽ, ആസൂത്രണം | തുടർ പ്രവർത്തനം | അദ്ധ്യാപകർ | |
| 7 | ഗണിത താല്പര്യം ഉണ്ടാക്കൽ | പസിലുകൾ, ഗെയിം | തുടർ പ്രവർത്തനം | അദ്ധ്യാപകർ, ഗണിതക്ലബ്ബ് അംഗങ്ങൾ | |
| 8 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് | വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ, പി.ടി.എ HM | പി.ടി.എ |
| 9 | രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ | ബോധവത്കരണ ക്ലാസ്സുകൾ, ഗൃഹസന്ദർശനം | തുടർ പ്രവർത്തനം | എല്ലാ അദ്ധ്യാപകരും HM ,പി.ടി.എ | പി.ടി.എ |

## ഇൻഫർമേഷൻ ടെക്നോളജി

കുട്ടികളെ ആധുനിക സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തരാക്കുകയും ഭാവിയിലുള്ള ജോലിസാധ്യത കണക്കിലെടുത്ത് മികച്ച പ്രവർത്തനങ്ങൾ കുട്ടികൾക്ക് വേണ്ടി രൂപപ്പെടുത്തുകയും ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ ക്ലബ്ബുകളിലൂടെ കുട്ടിയെ അനിമേഷൻ, പ്രോഗ്രാമിങ്ങ് ആർട്ടിഫിഷ്യൽ ഇൻലിജൻസ്, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ താല്പര്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കുട്ടികളെ സോഫ്റ്റ്വെയർ വിഭാഗത്തിൽ മാത്രമല്ല ഹാർഡ് വെയർ വിഭാഗത്തിലും ആവശ്യമായ നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിന് പരിശീലനപരിപാടികൾ ആസൂത്രണം ചെയ്യുന്നു. ഇന്നത്തെ ഓൺലൈൻ സേവനങ്ങളെ പറ്റി അവരെ ബോധവന്മാരാക്കുന്നതോടൊപ്പം അതിലെ ചതിക്കുഴികളെയും അവർക്ക് പരിചയപ്പെടുത്തുന്നു. സൈബർ സെക്യൂരിറ്റി എന്ന വിഷയത്തിൽ അവർക്ക് ആവശ്യമായ ക്ലാസ്സുകൾ നൽകുന്നു.

## മേഖല - ICT

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തീകരിക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക | സ്കൂൾ അദ്ധ്യാപക പരിശീലനങ്ങൾ നടത്തുക മാറിമാറി വരുന്ന ICT സോഫ്റ്റ് വെയർ പരിചയപ്പെടുത്തുക | തുടർ പ്രവർത്തനം | ICT പരിശീലനം നേടിയ അദ്ധ്യാപകർ | |
| 2. | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അദ്ധ്യാപകർ | |
| 3. | സാങ്കേതിക ദുരപയോഗങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാർ ആക്കുന്നു. | സൈബർ ദുരുപയോഗങ്ങളെ കുറിച്ചുള്ള ബോധവത്ക്കരണം | അക്കാദമിക വർഷം | സൈബർ സെൽ ചൈൽഡ്ലൈൻ | |
| 4. | നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗി ക്കുന്നതിനുള്ള പ്രാപ്തി | സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ പ്രചരണം നടത്തുന്നു | അക്കാദമിക വർഷം | ഐടി അദ്ധ്യാപകർ, ലിറ്റിൽ കൈറ്റ്സ് | |
| 5. | സ്മാർട്ട് ക്ലാസ്സ് റൂം ഫലപ്രദമായ രീതി | വിഷയാധിഷ്ഠിതമായി ICT | അക്കാദമിക | ഐടി അദ്ധ്യാപകർ, | |

| | | | | | |
|---|---|---|---|---|---|
| | യിൽ ഉപയോഗം | ഉപയോഗിച്ചു കൊണ്ട് ക്ലാസ്സ്റൂം സജീവമാക്കുന്നു | വർഷം | | |
| 6. | Animation, പ്രോഗ്രാമിങ്ങ് ഇലക്ട്രോണിക്സ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ പ്രാപ്തി നേടുന്നു | ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ നിശ്ചിതശേഷി കൈവരിക്കുന്നു. മറ്റുള്ള കുട്ടികളിലേക്കും പ്രവർത്തനങ്ങളെ വിപുലപ്പെടുത്തുന്നു | അക്കാദമിക വർഷം | അദ്ധ്യാപകർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ | |
| 7. | കുട്ടികളെ Documentation മേഖലയിൽ പ്രാപ്തരാക്കുന്നു | സ്കൂളിലേ ക്യാമറ തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങളെ Document ചെയ്യുന്നു സ്കൂൾ തല പരിപാടികളുടെ പോസ്റ്റർ നിർമ്മിക്കുന്നു | അക്കാദമിക വർഷം | ലിറ്റിൽ കൈറ്റ്സ് | |

| ക്രമ നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | മോണിറ്ററിംങ്ങ് |
|---|---|---|---|---|
| 1 | അക്കാദമിക തലത്തിൽ മികവ് പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം | അക്കാദമിക തലത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് സിവിൽ സർവ്വീസ് രംഗങ്ങളിൽ മികവ് തെളിയിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ വിദഗ്ധരുടെ സേവനം ഒരുക്കുക<br><br>കോച്ചിംങ്ങ് ക്ലാസ്സ്<br>ക്യാമ്പുകൾ<br>പൊതു വിജ്ഞാന പരീക്ഷകൾ | 5 വർഷം | Staff &PTA |
| 2 | കായികരംഗത്ത് താൽപര്യം പരിശീലനം | കായിക ക്ഷമത വളർത്തിയെടുക്കാൻ ഗ്രൗണ്ട് പരമാവധി ഉപയോഗത്തെടുത്തുക കുട്ടികൾക്ക് താല്പര്യമുള്ള തരത്തിലുള്ള ഇൻഡോർ-ഔട്ട്ഡോർ ഗെയിമുകളിൽ പരിശീലനം Track ൽ പരിശീലനം നീന്തൽ സാധ്യതകൾ Foot Ball, Volly ball , Hand ball പരിശീലനം എന്നീവ പ്രോൽസാഹിപ്പിക്കുക. ഉജ്ജ്വലം പരിപാടി കൂടുതൽ ഊർജ്ജിതമാക്കുക | 5 വർഷം | Staff PTA WELL WISHERS സംഘടനകൾ കായിക അദ്ധ്യാപകൻ |
| 3 | യോഗ പരിശീലനം | സൂര്യനമസ്കാരം ഉൾപ്പെടെയുള്ള യോഗരീതികൾ കുട്ടികളെ പരിശീലിപ്പിച്ച് ശാരീരിക മാനസിക ആരോഗ്യം വർദ്ധിപ്പിക്കുക | 5 വർഷം | കായിക അദ്ധ്യാപകൻ PTA |
| 4 | മികവ് പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം | അക്കാദമികം, കല, കായികം പ്രവൃത്തിപരിചയം തുടങ്ങിയ മേഖലകളിൽ മികവു പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം കളിസ്ഥലങ്ങൾ ഉപയോഗപ്പെടുത്തുക ലൈബ്രറി ഉപയോഗപ്പെടുത്തുക പ്രവൃത്തിപരിചയത്തിനാവശ്യമായ സാധ്യതകൾ കണ്ടെത്തുക | 5 വർഷം | Staff &PTA |

# ഉപസംഹാരം

2023-24 മുതൽ 2027-28 വരെ 5 വർഷത്തേക്ക് ചാലക്കുടി GVHSS ന് ഉണ്ടാകേണ്ട സർവോൻമുഖമായ വികസനത്തെ മുൻ കണ്ടുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുത് വിജയം ലക്ഷ്യപ്രാപ്തിയിലെത്തണമെങ്കിൽ അദ്ധ്യാപകർ, PTA, MPTA, SMC ജനപ്രതിനിധികൾ, അഭ്യുദയകാംക്ഷികളായ വ്യക്തികൾ, സംഘടനകൾ ഏവരുടെയും സഹായ സഹകരണങ്ങൾ കൂടിയേ തീരു. അന്താരാഷ്ട്ര നിലവാരത്തിലേക്ക്  വിദ്യാലയത്തെയും വിദ്യാർത്തികളേയും ഉയർത്തുതിന്  വിഭാവനം ചെയ്യുന്ന കർമ്മ പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലേക്ക് എത്തുമെന്ന പ്രതീക്ഷയോടെ............

ശുഭം.